# എൻ.എസ്.എസ്. എച്ച്.എസ്.എസ്.
# ചിങ്ങവനം
# അക്കാദമിക മാസ്റ്റർ പ്ലാൻ
**2025–26**

# ഉള്ളടക്കം


| | |
|---|---|
| അടിസ്ഥാന വിവരങ്ങൾ | |
| ആമുഖം | 1 |
| വിദ്യാലയ ചരിത്രം | 2 |
| ലക്ഷ്യം | 3–4 |
| വിദ്യാലയ കാഴ്ചപ്പാട് | 5–6 |
| അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി. വിഭാഗം | 7–19 |
| അക്കാദമിക മാസ്റ്റർ പ്ലാൻ ഹൈസ്കൂൾ വിഭാഗം | 20–37 |
| വിദ്യാലയ വികസനം സാധ്യമാക്കുന്ന ക്ലബ് പ്രവർത്തനങ്ങൾ | 38–45 |
| സമൂഹപിന്തുണയിലൂന്നിയ അക്കാദമിക പ്രവർത്തനങ്ങൾ | 45–47 |
| മോണിറ്ററിംഗ് | 48 |
| ഉപസംഹാരം | 49 |
| സ്കൂൾ പ്രവർത്തന കലണ്ടർ | 50–53 |
| ചിത്രങ്ങൾ | 54–58 |

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എൻ.എസ്.എസ്. എച്ച്.എസ്.എസ്. ചിങ്ങവനം |
| മേൽവിലാസം | : | കുഴിമറ്റം പി.ഒ., കോട്ടയം - 686533 |
| സ്കൂൾ കോഡ് | : | 33023 |
| റവന്യൂ ജില്ല | : | കോട്ടയം |
| ഉപജില്ല | : | കോട്ടയം ഈസ്റ്റ് |
| മാനേജ്മെന്റ് | : | എയ്ഡഡ് |
| പഠന വിഭാഗം | : | യു.പി., ഹൈസ്കൂൾ |
| ഹെഡ്മിസ്ട്രസ് | : | പ്രീതി ആർ. |
| അധ്യാപകർ | : | 24 |
| അനദ്യാപകർ | : | 4 |
| വിദ്യാർത്ഥികൾ | : | 510 |

# ആമുഖം

ഒരു നാടിന്റെ സമൂഹികവും സാംസ്കാരികവുമായ പുരോഗതിയെ നിർണ്ണയിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങളാണ് വിദ്യാലയങ്ങൾ. വിദ്യാലയത്തിന്റെ വേരുകൾ സമൂഹത്തിലേക്ക് ആഴ്ന്നിറങ്ങുമ്പോഴാണ് സാമൂഹീകരണ പ്രക്രിയയ്ക്ക് ആക്കം കുടുന്നത്. പ്രാദേശിക സമൂഹത്തിന്റെ പൊതു ഇടം എന്ന് നിലയിൽ പനച്ചിക്കാട് ഗ്രാമത്തിന്റെ ഭാഗധേയത്തെ കഴിഞ്ഞ 78 വർഷങ്ങളായി രൂപപ്പെടുത്തിവരുന്ന വിദ്യാഭ്യാസകേന്ദ്രമാണ് എൻ എസ് എസ് എച്ച് എസ് എസ് ചിങ്ങവനം. വ്യക്തമായ ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന എൻ എസ് എസ് മാനേജ്മെന്റാണ് സ്കൂളിന്റെ ശക്തികേന്ദ്രം. കേവലമായ അക്കാദമിക മികവിന് പുറമേ അറിവിന്റെ പ്രയോഗത്തിനും, ആരോഗ്യകരമായ മനോഭാവരൂപികരണത്തിനും ഉത്തേജകമാവണം വൈവിധ്യമാർന്ന വിദ്യാലയനുഭവങ്ങൾ എന്ന കാഴ്ചപ്പാടാണ് ഈ വിദ്യാലയത്തെ വേറിട്ടുനിർത്തുന്നത്.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കുളിന്റെ അക്കാദമിക നിലവാരത്തിലുള്ള പൊതുസമൂഹത്തിന്റെ അംഗികാരമാണ്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്സർപ്ലാൻ തയ്യാറാക്കിയത്. വിദ്യാലയത്തിലെ വസ്തുനിഷ്ഠസാഹചര്യങ്ങൾ വിലയിരുത്തി ഇവിടുത്തെ വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച പാഠാനുഭവങ്ങൾ ഒരുക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയിൽ ഈ വിദ്യാലയം സവിശേഷമായി മുന്നോട്ടുവയ്ക്കുന്ന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തന്ത്രങ്ങളും സമയബന്ധിതമായി എങ്ങനെയെല്ലാം നടപ്പാക്കാമെന്ന് വിശദീകരിക്കുന്നു.

## വിദ്യാലയ ചരിത്രം

വിദ്യയുടെ അധിദേവതയായ സരസ്വതിദേവി കുടികൊള്ളുന്ന ദക്ഷിണ മൂകാംബിക എന്നു പ്രസിദ്ധമായ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലെ ഏക ഹൈസ്കൂളാണ് എൻ എസ് എസ് എച്ച് എസ് എസ് ചിങ്ങവനം. നായർ സർവ്വീസ് സൊസൈറ്റിയാണ് ഈ വിദ്യാലയത്തിന്റെ ഭരണം നടത്തുന്നത്. 1948ൽ എൽ.പി. സ്കൂളായി പ്രവർത്തനം ആരംഭിച്ചു. 1950ൽ യു.പി. സ്കൂളാക്കി ഉയർത്തി. 1951 ജൂൺ ഒന്നിന് ഈ സരസ്വതി ക്ഷേത്രത്തെ 1263-ാം നമ്പർ കുഴിമറ്റം എൻ എസ് എസ് കരയോഗം, മഹാനായ ആചാര്യൻ ശ്രീ മന്നത്തുപത്മനാഭനു സമർപ്പിച്ചു. 1957ൽ ആദ്യ എസ് എസ് എൽ സി ബാച്ച് പുറത്തിറങ്ങി. ഈ സ്കൂളിന്റെ ആദ്യ പ്രഥമാധ്യാപിക ശ്രീമതി ജെ കമലമ്മ ആയിരുന്നു. 1954 മുതൽ 1976 വരെയുള്ള വർഷങ്ങളിലാണ് ഈ സ്കൂളിന്റെ വിവിധ കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണം നടന്നത്. അന്നത്തെ സ്കൂൾ ലോക്കൽ മാനേജർ ആയിരുന്ന രവിമംഗലത്തു കെ.പി രാമൻപിള്ളയാണ് കെട്ടിട സമാഹരണവുമായി ബന്ധപ്പെട്ട ധന സമാഹരണത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിച്ചത്. 1973ൽ ഈ സ്കൂളിന്റെ രജത ജൂബിലിയും, 1998ൽ സുവർണ്ണ ജൂബിലിയും ആഘോഷിച്ചു. കൊച്ചിൻ റിഫൈനറി മുൻ ജനറൽ മാനേജർ കെ ശരത്ചന്ദ്രബാബു, സാഹിത്യരചയിതാവ് കെ എസ് രാധാകൃഷ്ണൻ, സിനിമ സീരിയൽ അഭിനേതാവ് എൻ ജയകൃഷ്ണൻ തുടങ്ങി സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ സജീവമായി പ്രവർത്തിക്കുന്ന പല വ്യക്തികളും ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ് എന്നത് സ്കൂളിന്റെ യശ്ശസിന് മാറ്റുകൂട്ടുന്നു.

**വിദ്യാലയം ഇന്ന്**

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ നിലവിളക്കായി പരിലസിക്കുന്ന ഈ വിദ്യാലയം അതിന്റെ ജൈത്രയാത്ര ആരംഭിച്ചിട്ട് 78 വർഷം പിന്നിട്ടിരിക്കുന്നു. പാഠ്യപാഠ്യേതര രംഗത്ത് വിദ്യാലയം മികച്ച നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്നു എന്നതിന്റെ സാക്ഷ്യമാണ്, എസ് എസ് എൽ സി പരിക്ഷയിൽ തുടർച്ചയായി നൂറുമേനി വിജയം കൈവരിച്ചു എന്നത്. 2025-26 അധ്യയനവർഷത്തെ എസ് എസ് എൽ സി പരീക്ഷയിൽ സ്കൂളിൽനിന്നും 8 കുട്ടികൾ ഫുൾ എ. പ്ലസ് കരസ്ഥമാക്കി. കലാകായിക മത്സരങ്ങളിൽ സബ്ജില്ല-ജില്ലാ തലങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച് സമ്മാനർഹരായ കുട്ടികൾ നിരവധിയാണ്.

യു. എസ്. എസ്., എൻ.എം.എം.എസ്. എന്നീ സ്കോളർഷിപ്പ് പരീക്ഷകൾക്കുള്ള തീവ്രപരിശീലനം അധ്യാപകരുടെ മേൽനോട്ടത്തിൽ നടന്നുവരുന്നു. എൻ സി സി, ജെ ആർ സി, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ സ്കൂൾ തല യൂണിറ്റുകൾ കുട്ടികളുടെ

സാമൂഹ്യ പ്രതിബന്ധത വർദ്ധിപ്പിക്കുന്നതിനും നൂതന സാങ്കേതിക വിദ്യയിലുള്ള അറിവു കൂട്ടുന്നതിനും പ്രധാന പങ്കുവഹിക്കുന്നു.

ദിനാചരണങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സ്കൂൾ തല പ്രവർത്തനങ്ങളിൽ നവംബർ 1ന് കേരളീയം എന്ന പേരിൽ നടത്തുന്ന ആഘോഷപരിപാടി ഏറെ സാമൂഹ്യശ്രദ്ധ നേടിയെടുത്തിട്ടുണ്ട്.

ലോകത്തെ നവീകരിച്ചുകൊണ്ടിരിക്കാനുള്ള ഏറ്റവും പ്രധാന ആയുധം വിദ്യാഭ്യാസം തന്നെയാണ് എന്ന ആത്യന്തിക സത്യത്തിൽ അടിയുറച്ചു നിന്നു കൊണ്ട് ഈ വിദ്യാഭ്യാസകേന്ദ്രം, അതിന്റെ ഉജ്ജ്വലമായ യാത്ര തുടർന്നുകൊണ്ടിരിക്കുന്നു.

**വിദ്യാലയ ലക്ഷ്യം**

"നല്ല വിദ്യാഭ്യാസം വ്യക്തിപരവും ദേശീയവുമായ പുരോഗതിയിലേക്കുള്ള ഉയർന്ന പാതയാണ്" എന്ന ലക്ഷ്യത്തിൽ ഊന്നിനിന്നുകൊണ്ട്, അഞ്ചുമുതൽ പത്തുവരെ ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന മുഴുവൻ ശേഷികളും ആർജ്ജിക്കാനുതകും വിധം അക്കാദമിക ഭൗതിക പശ്ചാത്തലം സജ്ജീകരിക്കുകയും, ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക.

**ഉപലക്ഷ്യങ്ങൾ**

- ഓരോ കുട്ടിയ്ക്കും അവരവരുടെ പരിമിതികളെ മറികടക്കാൻ പ്രാപ്തരാക്കുന്ന ശിശുസൗഹൃദവും ആരോഗ്യകരവും സുരക്ഷിതവുമായ വിദ്യാലയ അന്തരീക്ഷം സജ്ജമാക്കുക
- കുട്ടികളുടെ എല്ലാ താല്പര്യത്തെയും വ്യക്തിത്വവികാസത്തെയും ത്വരിതപ്പെടുത്തുന്നതിനുള്ള പരിഹാരബോധന പ്രക്രിയ നടത്തുക.
- നിരന്തര മൂല്യനിർണ്ണയ പ്രക്രിയ ചിട്ടപ്പെടുത്തുക
- ആരോഗ്യശീലങ്ങൾ പാലിക്കൽ, പൊതുസ്ഥാപനങ്ങൾ ശുചിയായി സൂക്ഷിക്കൽ എന്നിവ തന്റെ കടമയാണെന്നു മനസിലാക്കി പ്രവർത്തിക്കാനുള്ള ശീലം വിദ്യാലയത്തിൽനിന്നും സ്വാംശീകരിക്കാനുള്ള അവസരം ഒരുക്കൽ.
- വിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കുന്നവിധം ഓരോ കുട്ടിയുടേയും എല്ലാ വിഷയങ്ങളിലേയും നിശ്ചിതകാലയളവിലെ പഠനപുരോഗതി പഠനപ്രശ്നങ്ങൾ, ഹാജർനില, മറ്റു കഴിവുകൾ എന്നിവ രക്ഷിതാക്കളെ എല്ലാ മാസവും ബോധ്യപ്പെടുത്തി പിന്തുണ ആർജ്ജിക്കുക.
- വിദ്യാലയവികസന പ്രവർത്തനങ്ങളിൽ കുട്ടികളുടെ അഭിപ്രായങ്ങൾക്കും ആശയങ്ങൾക്കും ഇടം നൽകുക.

- ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവരവരുടെ കഴിവുകൾ വികസിപ്പിക്കാൻ അവസരമൊരുക്കുക ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പിന്തുണനൽകേണ്ടത് തന്റെ കൂടി കടമയാണെന്ന ധാരണയോടെ പ്രവർത്തിക്കാൻ സഹപാഠികളെ പ്രാപ്തരാക്കുക
- വിവിധ ക്ലബ് പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സമൂഹത്തിൽ സ്കൂളിന്റെ സ്വീകാര്യത ഉയർത്തുക. ക്ലബ് പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുക.
- കുട്ടികളിൽ നേതൃത്വപാടവം, ആശയവിനിമയ ശേഷി, ശാസ്ത്രാവബോധം ജനാധിപത്യബോധം എന്നിവ വളർത്തുന്നതിനും കുട്ടികളിലെ കലാസാഹിത്യ വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവസരമൊരുക്കുക.
- എല്ലാ കുട്ടികളേയും വായനാശീലമുള്ളവരാക്കി മാറ്റുക, എല്ലാ വിദ്യാർത്ഥികളുടേയും രചനാപരമായ കഴിവ് വളർത്തുക, ഇംഗ്ലീഷിൽ അനായാസം ആശയവിനിമയം നടത്താൻ കഴിവുള്ളവരായി വിദ്യാർത്ഥികളെ മാറ്റിയെടുക്കുക.
- കുട്ടികളിൽ ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിച്ചുകൊണ്ട് ശാസ്ത്രപഠനം ശക്തിപ്പെടുത്തുക, വിമർശനാന്മകചിന്ത, വിശകലനാത്മകചിന്ത തുടങ്ങിയ ഉയർന്ന കഴിവുകൾ നേടാനവസരമൊരുക്കുക
- സഭാകമ്പമില്ലാതെ സദസിനെ അഭിസംബോധന ചെയ്യാനുള്ള ശേഷി എല്ലാ കുട്ടികളിലും വളർത്തുക. കലാകായിക പ്രവൃത്തി പരിചയമേളകളിലെ ഇനങ്ങളിലെല്ലാം പങ്കാളിത്തം ഉറപ്പാക്കുക. കായികക്ഷമതയുള്ള തലമുറയെ വളർത്തിയെടുക്കുക.
- സവിശേഷദിനങ്ങളുടെ പ്രത്യേകതയും പ്രാധാന്യവും ബോധ്യപ്പെടുത്തുക. ദിനാചരണങ്ങളെ അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കി അക്കാദമിക മികവിനായി പ്രാദേശിക പഠന യാത്രകൾ/ ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിച്ച് സ്വയം പഠനശേഷി വികസിപ്പിക്കുക.
- ആധുനിക സാങ്കേതിക വിദ്യയിൽ കുട്ടികളുടെ മികവ് ഉറപ്പുവരുത്തുക. കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള അധ്യാപനത്തിലൂടെ പഠനം കൂടുതൽ കാര്യക്ഷമമാക്കുക.

**കാഴ്ചപ്പാട്**

അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിൽ ഇതുവരെ കൈവരിച്ച മികവുകൾ നിലനിർത്തുന്നതിനോടൊപ്പം നൂതനസാങ്കേതിക വിദ്യ

യുടേയും ബോധനരീതികളുടേയും ഫലപ്രദമായ പ്രയോഗത്തിലൂടെ വിദ്യാലയത്തെ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുകയും പ്രാദേശികസമൂഹത്തിന്റെ പൊതു സാംസ്കാരിക ഇടമായി വിദ്യാലയത്തെ മാറ്റിയെടുക്കാൻ പര്യാപ്തമായ തരത്തിൽ ഭൗതിക സാഹചര്യങ്ങളും അക്കാദമിക സാഹചര്യങ്ങളും വികസിപ്പിക്കുകയും ചെയ്യുക. ഓരോ വിഷയത്തിലും ലോകനിലവാരത്തിലുള്ള അറിവും ശേഷികളും അതത് ക്ലാസുകളിൽ നേടുന്നുവെന്ന് ഉറപ്പാക്കുന്നതിനോടൊപ്പം മൂല്യങ്ങൾ, മനോഭാവം, പരിസ്ഥിതിബോധം, സഹജീവിസ്നേഹം എന്നിവ വളർത്തുന്നതിന് ഉപയുക്തമായ വിധത്തിൽ വിദ്യാലയ അന്തരീക്ഷം ഒരുക്കുക.

**അവസ്ഥാവിശകലനം**

**ഭൗതികനേട്ടങ്ങൾ**

ആവശ്യമായ സ്ഥലലഭ്യത വിദ്യാലയത്തിനുണ്ട്. നിലവിൽ ഹൈസ്കൂൾ, യു. പി. ക്ലാസുകളെല്ലാം തന്നെ ടൈൽപാകി മോടിപിടിപ്പിച്ചിട്ടുണ്ട്. കുട്ടികൾക്ക് വായനയ്ക്ക് ആവശ്യമായ ലൈബ്രറി, പ്രത്യേകമായി തന്നെ ഒരുക്കിയിട്ടുണ്ട്. ആയിരംപേർക്കോളം ഇരിക്കാവുന്ന വിശാലമായ സ്കൂൾ ഓഡിറ്റോറിയം, ഓഡിയോവിഷ്വൽ ഹാൾ, ഹൈസ്കൂളിനും യുപിയ്ക്കും പ്രത്യേകം കമ്പ്യൂട്ടർ ലാബുകൾ എന്നിവ ലഭ്യമാണ്.

**ഭൗതിക പരിമിതികൾ**

ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യപാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല. ആധുനിക സൗകര്യത്തോടുകൂടിയ ഒരു ഭോജനശാല നിർമ്മിക്കണം. ലൈബ്രറി ഡിജിറ്റലൈസ്ഡ് ലൈബ്രറിയായി നവീകരിക്കേണ്ടതുണ്ട്. അതിനായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ആവശ്യമാണ്. കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകാൻ പ്രത്യേകം റൂം സൗകര്യമൊരുക്കണം. സ്ഥലസൗകര്യം ഉണ്ടെങ്കിലും കളിസ്ഥലം അനുയോജ്യമായ വിധത്തിൽ ഒരുക്കിയിട്ടില്ല. മൂന്ന് ഹൈസ്ക്കൂൾ ക്ലാസ്റൂമുകളിൽ കൂടി ഹൈടെക് സൗകര്യം ലഭ്യമാക്കേണ്ടതുണ്ട്.

**അക്കാദമികനേട്ടങ്ങൾ**

തുടർച്ചയായ 11 വർഷങ്ങളിൽ എസ് എസ് എൽ സി പരീക്ഷയിൽ 100% വിജയം നിലനിർത്തുന്നു. ഉപജില്ലാ ജില്ലാതലത്തിൽ കലാകായിക മേളകളിൽ വർഷങ്ങളായി തിളക്കമാർന്ന വിജയം നേടാൻ കഴിയുന്നുണ്ട്. ജെ ആർ സി, എൻ സി സി തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം

വർദ്ധിപ്പിക്കാൻ കഴിയുന്നു. യു.എസ്.എസ്. എൻ.എം.എം.എസ്. പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്കുവേണ്ടി അധ്യാപകരുടെ നേതൃത്വത്തിലുള്ള മികച്ച പരിശീലന ക്ലാസുകൾ നൽകുന്നു.

**അക്കാദമികം പരിമിതികൾ**

വിവിധ മത്സര പരീക്ഷകളിലെ മികവ് ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥാശാല നവീകരണം, ലബോറട്ടറികളുടെ ആധുനികവൽക്കരിക്കണം എന്നിവ സാധ്യമാക്കേണ്ടതുണ്ട് കലാകായിക പരിശീലനത്തിന് അധ്യാപകരുടെ പൂർണ്ണ സമയസേവനം ലഭ്യമാകുന്നില്ല.

**സാമൂഹികനേട്ടങ്ങൾ**

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം സമൂഹ വുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. ദിനാചരണങ്ങളുമാ യി ബന്ധപ്പെടുന്ന സ്കൂൾതല പ്രവർത്തനങ്ങൾ, അവയിൽ തന്നെ എല്ലാ വർഷവും നവംബർ ഒന്നിന് കേരളപ്പിറവി ദിനാഘോഷത്തിന്റെ ഭാഗമായി കേരളീയം എന്ന പേരിൽ സ്കൂളിൽനടത്തുന്ന പരിപാടി വളരെയധികം സാമൂഹ്യ ശ്രദ്ധ നേടിയിട്ടുള്ളത് പ്രത്യേകമായി പരാമർശിക്കേണ്ടതാണ്. ലഹരി വിരുദ്ധ ബോധവൽക്കരണം, സാമൂഹ്യശുചിത്വം, തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം തന്നെ ഏറെ മാതൃകാപരമായി തന്നെ നടത്തി സാമൂഹ്യ അംഗീകാരം നേടിയെടുത്തുക്കൊണ്ടിരിക്കുന്നു.

**പരിമിതികൾ**

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം കൂടുതൽ നഷ്ടപ്പെടു ന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാൻ പരി മിതിയുണ്ട്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# യു.പി. വിഭാഗം

## മേഖല യു. പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതുവാനും വായിക്കുവാനുമുള്ള ശേഷിവികസനം | അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നം ഉറപ്പിക്കൽ<br>പദനിർമ്മാണം<br>വാക്യനിർമ്മാണം | ജൂൺ<br>ജനുവരി | മലയാളം ടീച്ചർ | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | ജൂൺ<br>ഫെബ്രുവരി | മലയാളം ടീച്ചർ | |
| എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക. | കഥ, കവിത, സമാനപദങ്ങൾ ഉപയോഗിച്ച് വാക്യരചനകൾ, വായനാമത്സരം, നിഘണ്ടു നിർമ്മാണം, പത്രവായന, സൂചനകൾ നൽകി കഥ, കവിതാരചന, കഥാവതരണം. | ഒക്ടോബർ<br>ഫെബ്രുവരി | മലയാളം ടീച്ചർ | |
| വ്യാകരണശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ | പാഠപുസ്തകത്തിലെ ഒരു വാക്യം ക്ലാസിൽ നൽകി, അതിൽ പ്രത്യയങ്ങൾ മാറ്റി നൽകി അർത്ഥവ്യത്യാസം കുട്ടികൾക്ക് ബോധ്യമാകുന്നു. | ജൂൺ<br>മാർച്ച് | മലയാളം ടീച്ചർ | |
| കുട്ടികളിലെ സാഹിത്യശേഷി വികസനം | വ്യാകരണപുസ്തകങ്ങളുടെസഹായവും ഐസിടി സാധ്യതകളും ഉപയോഗിക്കുന്നു.<br><br>കഥയിലൂടെയും കവിതയിലൂടെയും സാഹിത്യത്തെ കൂടുതൽ വ്യക്തമാക്കുന്നു | ജൂൺ<br>ജനുവരി | മലയാളം ടീച്ചർ | |
| | കവിതാരചന, കഥാരചനമത്സരങ്ങൾ സംഘടിപ്പിക്കുന്നു. സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | | | |
| കുട്ടികളിലെ സർഗ്ഗശേഷികൾ വികസിപ്പിക്കുക | വായനാനുഭവം പങ്കുവെയ്ക്കൽ സാഹിത്യക്വിസ്, കവിതാലാപനമത്സരം | ജൂൺ<br>മാർച്ച് | മലയാളം ടീച്ചർ | വിദ്യാരംഗം ക്ലബ്ബ് |
| വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രധാന ദിവസങ്ങൾ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തൽ | ജൂൺ<br>മാർച്ച് | മലയാളം ടീച്ചർ<br>ഹെഡ്മിസ്ട്രസ് | |

## മേഖല – യു പി സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്ഷരജ്ഞാനം അക്ഷരശുദ്ധി എന്നിവയിലൂടെ സംസ്കൃത ഭാഷയെ അറിയുക സ്നേഹിക്കുക | എഴുതുന്നതിലൂടെയും ഉച്ചാരണത്തിലൂടെയും ഭാഷയെ ഉറപ്പിക്കുക. ഇതിനായി സി ഡി, ചാർട്ട്, പുസ്തകങ്ങൾ എന്നിവ ഉപയോഗിക്കുന്നു. | ആദ്യത്തെ ഒരുമാസം | സംസ്കൃതം ടീച്ചർ | |
| വ്യാകരണശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവ് നേടൽ | മലയാളത്തിൽ നിന്നും സംസ്കൃതത്തിലേക്ക് വിവർത്തനം നടത്തുന്നു. അതിനായി വ്യാകരണ പണ്ഡിതരുടെയും വ്യാകരണപുസ്തകങ്ങളുടെയും സഹായവും ഐസി ടി സാധ്യതകളും ഉപയോഗിക്കുന്നു. | 6 മാസം | സംസ്കൃതം ടീച്ചർ | |
| സംസ്കൃതത്തിൽ ആശയവിനിമയം നടത്തുന്നതിൽ ശേഷി നേടൽ | നാടകാവതരണം കഥ പറച്ചിൽ, സംസ്കൃതത്തിൽ വാർത്ത കേൾക്കൽ എന്നിവ ശീലമാക്കാൻ നിർദ്ദേശം നൽകുന്നു | 6 മാസം | സംസ്കൃതം ടീച്ചർ | |
| സംസ്കൃതത്തിന്റെ പൈതൃകം മനസിലാക്കുക | സംസ്കൃതത്തിന്റെ പൈതൃകം ഉൾക്കൊള്ളുന്ന സ്ഥലങ്ങൾ സന്ദർശിക്കുന്നു | 6 മാസം | സംസ്കൃതം ടീച്ചർ | |
| ഭാഷാപരമായ ശേഷികളിലെ പിന്നോക്കാവസ്ഥ | അമ്മയോടൊപ്പം ഒഴിവ് ദിവസങ്ങളിൽ കുട്ടിയേയും രക്ഷിതാവിനേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ശിൽപശാലകൾ, വർക്ക് ഷീറ്റ് | 1 വർഷം | സംസ്കൃതം ടീച്ചർ | |
| വായിക്കുന്നതിനുള്ള അപാകത | ഭാഷാലാബ്, കുട്ടികളുടെ വായനാശീലം വളർത്തുക. Reading Corner എന്നും വായി | 1 വർഷം | സംസ്കൃതം ടീച്ചർ | |

| | | | | |
|---|---|---|---|---|
| പുസ്തക പരിചയക്കുറവ് | ക്കാം, എപ്പോഴും വായി ക്കാം. സംസ്കൃതഡിജി റ്റൽ ലൈബ്രറി<br><br>സംസ്കൃത വിദ്യാർത്ഥിക്ക് പുസ്തകം കൊടുത്ത് ആസ്വാദനക്കുറിപ്പും ക്വിസും സംഘടിപ്പിക്കുക പാവനാടകം പാഠപു സ്തകവുമായി ബന്ധ പ്പെട്ടതും അല്ലാത്തതുമായ പുസ്തകങ്ങൾ പാവനാ ടകരൂപത്തിൽ ക്ലാസിൽ അവതരിപ്പി ക്കുക | 1 വർഷം | സംസ്കൃതം ടീച്ചർ | |

## മേഖല - യു പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരിയായ ഇംഗ്ലീഷ് ശ്രവി ക്കാനും അനായാസം സംസാരിക്കാനും അവ സരം ഒരുക്കുന്നു. | Lend your Ear: ലളിതവും രസകരവു മായി ഇംഗ്ലീഷ് റെക്കോ ർഡ് ചെയ്ത് കേൾപ്പി ക്കുന്നു.<br><br>Follow me if you can: ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസ രിച്ച് പ്രവർത്തിക്കാ നുള്ള പരിശീലനം നൽകുന്നു.<br><br>Breaking News : ഇംഗ്ലീഷ് റേഡിയോ | ജൂലൈ<br><br>ജൂൺ<br><br>നവംബർ | ഇംഗ്ലീഷ് ടീച്ചർ<br><br>ഇംഗ്ലീഷ് ടീച്ചർ | ഇംഗ്ലീഷ് ക്ലബ് |

| | | | | |
|---|---|---|---|---|
| | വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. | | ഇംഗ്ലീഷ് ടീച്ചർ | |
| | Missing man : അദ്ധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ ഭാഗം മ്യൂട്ട് ചെയ്ത് മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് ടീച്ചർ | |
| | Tressure Hunt : വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുക്കളെ കുറിച്ച് ആവശ്യപ്പെടുന്നു. വസ്തു മറ്റു കുട്ടികൾ തിരിച്ചറിയുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് ടീച്ചർ | |
| | Meet the Foreigners: തനത് ഭാഷ സംസാരിക്കുന്ന വ്യക്തിയുമായി ആശയവിനിമയം നടത്താനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് ടീച്ചർ | |
| | One manshow: ആശയം നൽകി അത് അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് ടീച്ചർ | |
| ഭാവനാത്മകവായന പരിശീലിപ്പിക്കുന്നു. | I too can : വ്യത്യസ്ത തലത്തിലുള്ള വിവിധ വായന കാർഡുകൾ തെറ്റു കൂടാതെ വായി | ജൂലൈ | ഇംഗ്ലീഷ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | ക്കാൻ അവസരം നൽകുന്നു.<br><br>Learning Ladder : പാഠ ഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെ ഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ കുട്ടികൾക്കും ശരി യായി വായിക്കുവാൻ കഴിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നു.<br><br>FM Corner: വ്യത്യസ്ത കഥകൾ Readers theatre റേഡിയോ Drama രൂപത്തിൽ അവതരിപ്പിക്കാൻ അവ സരം നൽകുന്നു. | <br><br>സെപ്റ്റംബർ<br><br><br><br><br><br><br><br><br><br><br>ടേമിൽ ഒരു തവണ | <br><br>ഇംഗ്ലീഷ് ടീച്ചർ<br><br><br><br><br><br><br><br><br><br><br>ഇംഗ്ലീഷ് ടീച്ചർ | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | Reader of the month English ദിനപത്രം വായിക്കുവാൻ അവ സരം നൽകി. Reader of the month - നെ ആദരിക്കുന്നു.<br><br>My droplets: കുട്ടിക ളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ Dictionary എന്നിവ തയ്യാറാക്കു ന്നു. | മാസം തോറും<br><br><br><br>വർഷാവ സാനം | ഇംഗ്ലീഷ് ടീച്ചർ<br><br><br><br>ഇംഗ്ലീഷ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | Alert Zone : സൂചന Board, Notice, Poster എന്നിവ ക്ലാസ് റൂമുകളിൽ പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് ടീച്ചർ | |
| | ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതിയ അക്ഷരങ്ങൾ വായിച്ചതിനുശേഷം തെറ്റുകൂടാതെ മറ്റൊരു ചാർട്ടിലേക്ക് മാറ്റിയെഴുതാൻ പറയുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് ടീച്ചർ | |
| | Fun time funda : കടം കഥകൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp : English ൽ പ്രാവണ്യമുള്ള രക്ഷിതാക്കളേയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. | | | |
| | 5-ാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് 6-ാം ക്ലാസിനായി റോൾ പ്ലേ, നാടകം 7-ാം ക്ലാസിനായി കവിതാ പ്രസംഗം തുടങ്ങിയവ ക്യാമ്പിന് ഒടുവിൽ Documentary/Film Show | വർഷാവസാനം | English Teacher PTA ഭാരവാഹികൾ, രക്ഷിതാക്കൾ | |

## മേഖല- യു. പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം ഉറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കൽ, അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്, ക്ലാസിൽ അക്ഷരമാല കളികൾ, വാക്യങ്ങളുടെ നിർമ്മാണം | ജൂൺ ആഗസ്റ്റ് | ഹിന്ദി അധ്യാപിക | ഹിന്ദി ക്ലബ് |
| വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക | സെപ്റ്റംബർ ഒക്ടോബർ | ഹിന്ദി അധ്യാപിക | |
| ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കുവാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കുവാനുമുള്ള അവസരം | ഹിന്ദി അസംബ്ളി ദിനാചരണങ്ങൾ<br>ക്ലാസ് ലൈബ്രറി<br>അധികവായന സാമഗ്രികൾ<br>ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>ചിത്രം - അടിക്കുറിപ്പ്<br>ചിത്രം - കഥയെഴുതൽ | നവംബർ<br>ഡിസംബർ | ഹിന്ദി അധ്യാപിക | |
| രാഷ്ട്രഭാഷാസ്നേഹം വളർത്തുകയും അനായാസം ഹിന്ദി കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുകയും ചെയ്യുക | വായനാ സാമഗ്രികൾ തയ്യാറാക്കൽ<br>മാസത്തിലൊരു തവണ ഹിന്ദിസർഗ്ഗവേളകൾ സംഘടിപ്പിക്കുക മികച്ച അവതരണങ്ങൾ വായനക്കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തി പതിപ്പുകൾ തയ്യാറാക്കൽ<br>ഹിന്ദി ക്ലബ് രൂപീകരിച്ച് ബുള്ളറ്റിൻ ബോർഡുകൾ തയ്യാറാക്കുക<br>ഹിന്ദി ദിനാചരണം സംഘടിപ്പിക്കൽ | ജൂൺ<br>മാർച്ച് | ഹിന്ദി അധ്യാപിക | |
| | പ്രീടെസ്റ്റ് നടത്തി പരിഹാര ബോധനം നടത്തൽ റിസോഴ്സ് അധ്യാപികയുടെ സഹായത്തോടെ വൈവിധ്യപഠനസാമഗ്രികൾ തയ്യാറാക്കുക | ജൂൺ<br>മാർച്ച് | ഹിന്ദി അധ്യാപിക | |

| | | | | |
|---|---|---|---|---|
| ഭിന്നശേഷിക്കാരായ കുട്ടികളെ പരിഗണിക്കൽ | Science Exhibition നടത്തുക (പാഠഭാഗത്തെ പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട്)<br>പഠനയാത്ര ശാസ്ത്ര മോഡലുകൾ നിർമ്മിക്കുന്നതിന് സജ്ജരാക്കുക | | | |

## മേഖല യു. പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടുകളിൽ നിന്നും സാഹചര്യങ്ങളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ അവരെ തയ്യാറാക്കുക | ജൈവവൈവിധ്യപാർക്ക് ഔഷധതോട്ടം പച്ചക്കറി തോട്ടം ശലഭങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള ചെടികൾ വച്ചുപിടിപ്പിക്കുക എന്നിവ | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ് | PTA |
| ശാസ്ത്രത്തിന്റെ പ്രക്രിയാ ശേഷികളിൽ മുഴുവൻ കുട്ടികളേയും എത്തിക്കുക | സ്കൂൾ ലാബ് ശാക്തീകരണം എല്ലാവർക്കും ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യാൻ അവസരം നൽകുക | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |
| ശാസ്ത്രസർഗ്ഗാത്മകതക്കുള്ള അവസരങ്ങൾ കുറവ് | വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്ലാസുകൾ (വാനനിരീക്ഷണം) പരീക്ഷണങ്ങൾ കൂടുതൽ ശാസ്ത്രപുസ്തകങ്ങൾ വായിക്കാൻ നൽകുക | അക്കാദമിക വർഷം | | |
| ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന്റെ കുറവ് പരിഹരിക്കുക | ഐ.സി.ടി വിഭവങ്ങൾ തയ്യാറാക്കൽ ഡിജിറ്റൽ ലൈവ് ക്ലാസുകൾ ഐസിടി സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപികർ | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പ്രക്രിയാശേഷികൾ മുഴുവൻ കുട്ടികളിലും എത്തിക്കുക | Science Exhibition നടത്തുക (പാഠഭാഗത്തെ പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട്) പഠനയാത്ര ശാസ്ത്രമോഡലുകൾ നിർമ്മിക്കുന്നതിന് സജ്ജരാക്കുക, Pasteurisation എന്ന പ്രവർത്തനം കാണുന്നതിനായി അവരെ അതുമായി ബന്ധപ്പെട്ട ഒരു പഠനയാത്ര. | | | Science Club |

## മേഖല - യു പി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ ആശയങ്ങൾ ഇവ പരിശോധക്കൽ, നേടിയെടുക്കൽ | കളിയിൽ നിന്നും കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ ICT സാധ്യതകൾ ഉപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റി എടുക്കുക | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വിഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേനഉദ്യോഗസ്ഥരുടെ സഹായത്തോടെ demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്ര | അക്കാദമിക വർഷാരംഭം | സാമൂഹിക ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |

| | | | | |
|---|---|---|---|---|
| | വർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | | | |
| സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതിദുരന്തസ്ഥലങ്ങൾ സന്ദർശിക്കുവാനും കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരിതപ്രദേശങ്ങളിൽ നൽകുവാനും സാധിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹിക ശാസ്ത്ര അധ്യാപകർ | PTA |
| വിവരവിനിമയസങ്കേതിക വിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | സാമൂഹ്യശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ റോഡ് സുരക്ഷ സൈബർ സുരക്ഷ, ട്രാഫിക് സുരക്ഷ, എന്നിവയെക്കുറിച്ചുള്ള ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹിക ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| സുസ്ഥിരവികസനകാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | മനുഷ്യന്റെ ഇടപെടലുകൾക്ക് കാരണമാകുന്ന കണ്ടൽകാടുകൾ തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| സാമൂഹ്യശാസ്ത്രവിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലെത്തിക്കുക. | പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്നു. ചോദ്യോത്തരവേള ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹിക ശാസ്ത്ര അധ്യാപകർ | |

# മേഖല - യു പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയധാരണ കൈവരിക്കൽ ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ, നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ<br>ഇൻസ്ട്രമെന്റ് ബോക്സിന്റെ ലഭ്യത ഐസിടി സാധ്യതകൾ ഉപയോഗിക്കൽ | ജൂൺ മാസം<br>തുടർപ്രവർത്തനം | ഗണിത അധ്യാപിക |
| ഗണിതശാസ്ത്രത്തിൽ പ്രതിഭാധനരായ കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക | ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് തുടർപ്രവർത്തനസാധ്യതകൾ വികസിപ്പിക്കൽ ഗണിതശാസ്ത്രക്വിസുകൾ മത്സര പരീക്ഷകൾ എന്നിവയ്ക്ക് അനുയോജ്യമായ ഉയർന്ന ചിന്താശേഷി ഉൾക്കൊള്ളുന്ന ചോദ്യശേഖരം തയ്യാറാക്കി കുട്ടികൾക്കു നൽകുക | ആഴ്ചയിൽ ഒന്ന് | ഗണിത അധ്യാപിക |
| ഗണിതമത്സരവേദിയിലേക്കും മേളകളിലേക്കുള്ള മുന്നൊരുക്കങ്ങൾ, സ്കൂൾ തല മത്സരങ്ങൾ ഗണിതലാബ് | ഗണിത ക്ലാസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മാസത്തിൽ ഒന്ന് തുടർപ്രവർത്തനം | ഗണിത അധ്യാപിക |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി റ്റി എ നടത്തുന്നു. ചുമതലകൾ നൽകുന്നു. | പ്രതിമാസം | എല്ലാ അധ്യാപകരും |

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## ഹൈസ്കൂൾ വിഭാഗം

## മേഖല ഹൈസ്കൂൾ -മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം ഫലപ്രദമായി വായിക്കുവാനും, സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുക | പ്രീടെസ്റ്റ്, വർക്ക്ഷീറ്റ് എന്നി മൂല്യനിർണയ ടൂളുകൾ ഉപയോഗിച്ചു കൊണ്ട് മുൻ ക്ലാസുകളിൽ പരിചയപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ കുട്ടിയുടെ പഠനനില തിരിച്ചറിഞ്ഞ് പരിഹാരബോധനം നടത്തൽ | വർഷം മുഴുവൻ | മലയാളം അധ്യാപിക | |
| സർഗ്ഗാത്മക രചനകൾ വായിക്കുവാനുള്ള അവസരമൊരുക്കൽ | ക്ലാസ് ലൈബ്രറി രൂപീകരിക്കാൻ ക്ലാസ് തല വായനക്കൂട്ടം രൂപീകരിച്ച് വായനക്കുറിപ്പ് തയ്യാറാക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട് അധികവായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ പ്രതിവാര വായനമത്സരം ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും സംഘടിപ്പിക്കൽ | 6 മാസം | മലയാളം അധ്യാപിക | |
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ അവതരിപ്പിക്കാനും വിലയിരുത്താനും അവസരമൊരുക്കും വിധമുള്ള കഥയരങ്ങ് കവിയരങ്ങ് സാഹിത്യകാരന്മാരെ പരിചയപ്പെടൽ എന്നിങ്ങനെ വിവിധങ്ങളായ അവതരണങ്ങൾ സംഘടിപ്പിക്കൽ കുട്ടികളുടെ സർഗ്ഗാത്മക സൃഷ്ടികൾ ഉൾകൊള്ളിച്ചു കൊണ്ടുള്ള സ്കൂൾതല പതിപ്പുകളുടെ പ്രസിദ്ധീകരണം. ക്ലാസ്തല യൂണിറ്റുകൾ രൂപീകരിച്ച് പ്രാദേശികമായി ലഭ്യമായ വിദഗ്ധന്മാരുടെ സേവനം പ്രയോജനപ്പെടുത്തി ക്ലാസുകൾ നൽകൽ | | | |

| | | | | |
|---|---|---|---|---|
| അവതരണമികവ് കൈവരിക്കൽ | കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കൽ, ആഴ്ചയിൽ ഒരു ദിവസം കുട്ടികളുടെ നേതൃത്വത്തിലുള്ള അസംബ്ലി, സർഗവേള എന്നിവ സംഘടിപ്പിക്കൽ പ്രസംഗ പരിശീലനകളരി പാഠഭാഗങ്ങളുടെ നാടകീകരണം നടത്തി ക്ലാസ് പിടി എ കളിൽ അവതരിപ്പിക്കൽ | ജൂൺ മാർച്ച് | മലയാളം അധ്യാപിക | വിദ്യാഭ്യാസ ക്ലബ്, പി റ്റി എ |
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികവ് രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ ഉൾപ്പെടുത്തി. | മാസത്തിൽ ഒരു തവണ | മലയാളം അധ്യാപിക | വിദ്യാഭ്യാസ ക്ലബ്, പി റ്റി എ |
| ഭിന്നശേഷിക്കാരായ കുട്ടികളെ പരിഗണിക്കൽ | റിസോഴ്സ് അധ്യാപികയുടെ സഹായത്തോടെ അനുയോജ്യമായ പഠനസാമഗ്രികൾ പഠനസാമഗ്രികൾ വികസിപ്പിക്കുക<br>പഠനം ആകർഷകമാക്കാൻ കഴിയും വിധം ഐസിടി വിഭവങ്ങൾ വികസിപ്പിക്കുക | ജൂൺ മാർച്ച് | റിസോഴ്സ് അധ്യാപിക മലയാളം അധ്യാപിക | |
| വിവിധ ശേഷികളുടെ വികസനം (ഭാഷാദിനാചരണം) | ഭാഷാദിനാചരണകലങ്ങൾ തയ്യാറാക്കുന്നു. അതിലൂടെ കുട്ടികളുടെ ടാലന്റ് പ്രകടിപ്പിക്കാൻ അവസരമൊരുക്കുന്നു.<br>മാഗസിൻ നിർമ്മാണം, പുസ്തകപ്രദർശനം, ഭാഷാസാഹിത്യാഭിരുചികളെ പരിപോഷിപ്പിക്കുന്ന കലാപരിപാടികൾ സംഘടിപ്പിക്കുന്നു. | ജൂൺ മാർച്ച് | മലയാളം അധ്യാപിക | വിദ്യാഭ്യാസ ക്ലബ് |

| മേഖല ഹൈസ്കൂൾ - ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| | Aim | Activities | Period | Assinged |
| 1 | To enable students to speak English fluently with confidence | - Spoken english class<br>- Teachers gives topic and aks children to speak 2-3 minutes about it.<br>- Engourages students to speak in english in the class | Once a week | English Teachers |
| 2 | Vocabulary building | - Teachers introduce new words each week and ask students to use them in a sentence | Once a week | English Teachers |
| 3 | To give opportunities for students to read and write | - Teacher lets students read english news papers<br>- Encourages them to read english story books.<br>- Teachers gives a topic and asks them to write a story on it. | During the academic year | English teacher with the help of club members |
| 4 | Grammer practice | Teachers provide excercise on different grammer topic such as tenses, prepositions, nouns etc | Once a week | English teacher |
| 4 | Use digital device to ensure listening skills in students | Videos and speches from samagra and other platforms are to be shown in club activities | During the academic year | English teacher |

# മേഖല ഹൈസ്കൂൾ - ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഹിന്ദി എഴുതുവാനും വായിക്കുവാനും, പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു. | പാഠപുസ്തകങ്ങൾ വായിക്കുവാനും, കഥ, കവിത എന്നിവ അടങ്ങിയ പുസ്തകങ്ങൾ പരിചയപ്പെടാൻ അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| 2 | രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു | ഹിന്ദി ചെറുകഥകൾ, ചിത്രപുസ്തകങ്ങൾ, വായിക്കുവാനും, ചെറുകഥകൾ എഴുതുവാനും വർക്ക് ഷീറ്റുകൾ നൽകുന്നു | ജൂലൈ മുതൽ | ഹിന്ദി അധ്യാപകർ | പി.ടി.എ |
| 3 | മാതൃഭാഷ പോലെ ഹിന്ദി കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കുന്നു | കുട്ടികളുടെ വായനയെ ലക്ഷ്യമാക്കിക്കൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിക്കൽ ഗ്രന്ഥശാല ഒരുക്കൽ, അക്ഷര ചാർട്ട് | ആഗസ്റ്റ് | ഹിന്ദി അധ്യാപകർ | പി.ടി.എ |
| 4 | ദിനാചരണങ്ങൾ | പരിസ്ഥിതി ദിനം, വായനാദിനം, ഹിന്ദി ദിനം, ശിശുദിനം, സ്വാതന്ത്ര്യ ദിനം. ഈ ദിവസങ്ങളിൽ അസംബ്ലി നടത്തുന്നു. പോസ്റ്റർ തയ്യാറാക്കുക | ജൂൺ-മാർച്ച് | ഹെഡ്മിസ്ട്രസ് | ഹിന്ദി ക്ലബ്ബ് |
| 5 | പിന്നോക്കം നിൽക്കുന്ന (സവിശേഷ സഹായം) ആവശ്യമുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നു. | ചിത്ര രചന, അക്ഷരം എഴുതി പ്രദർശിപ്പിക്കൽ | ജൂൺ-മാർച്ച് | ഹിന്ദി അധ്യാപകർ | അദ്ധ്യാപകർ, പി.ടി.എ. |

| MEKHALA HIGH SCHOOL - HINDI | | | | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 6 | നാമം, സർവ്വ നാമം, വിശേ ഷണം ഇവ മന സ്സിലാക്കുന്നു. വാക്യ ഘടന മനസ്സിലാക്കു ന്നു. | പാഠപുസ്തക ത്തിൽനിന്നും കണ്ടെത്തി എഴുതി ക്ലാസിൽ പ്രദർശി പ്പിക്കാൻ പറയു ന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| 7 | കഥയെ തിരക്ക ഥയാക്കി മാറ്റാൻ അറിയു ന്നു. ഡയറി എഴുതുവാൻ അറിയുന്നു. | പാഠഭാഗം ആസ്പ ദമാക്കി ഐ.സി.ടി. യുടെ സഹായം എന്നിവ പ്രയോജ നപ്പെടുത്തുന്നു. | നവംബർ- മാർച്ച് | ഹിന്ദി അധ്യാപകർ | പി.ടി.എ |

| മേഖല ഹൈസ്കൂൾ - സോഷ്യൽ സയൻസ് | | | | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1 | ചരിത്രാവ ബോധം ഉള്ള ഭാവിതലമു റയെ രൂപപ്പെടു ത്തുക | ചരിത്രപ്രാധാന്യ മുള്ള സ്ഥലങ്ങളി ലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടി പ്പിക്കുന്നു | നിശ്ചയിച്ച തീയതികളിൽ | സാമൂഹിക ശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ |
| 2 | സാമൂഹികശാ സ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | ആകാശ കാഴ്ച കൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു | അക്കാദമിക വർഷം | സാമൂഹിക ശാസ്ത്ര അധ്യാപകർ | സ്കൂൾ |
| 3 | ഭൂപടവായന, സ്ഥല നിർണ്ണയം നട ത്തുവാൻ പഠി ക്കുക എന്ന ലക്ഷ്യം കൈവ രിക്കുക | ഭൂമിശാസ്ത്രപര മായ കാര്യങ്ങൾ കുട്ടികളെ പഠി ക്കാൻ സഹായി ക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ കൂടുതൽ പരിചയപ്പെടു ത്തുന്നു | വർഷം മുഴുവനും | സാമൂഹിക ശാസ്ത്ര അധ്യാപകർ | സ്കൂൾ |
| 4 | കുട്ടികളിൽ പൊതുവി ജ്ഞാനം വളർത്തുക | പൊതുവിജ്ഞാന മേഖല പരിപോ ഷിപ്പിക്കുന്ന ക്വിസുകൾ, ദിനാ ചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവ യെക്കുറിച്ച് വ്യക്ത മായ ധാരണ നൽകുക. ചരിത്ര സിനിമകളുടെ പ്രദർശനം | അക്കാദമിക വർഷം മുഴുവൻ | സാമൂഹിക ശാസ്ത്ര അദ്ധ്യാപകർ | അദ്ധ്യാപകർ, കുട്ടികൾ |
| 5 | പൗരബോധം, മൂല്യബോധം, ജനാധിപത്യം ഇവ ഒരു ജീവി തശൈലിയായി മാറ്റിയെടുക്കുക | സ്കൂൾ പാർലമെന്റ്, പൗര ബോധം, സാമൂഹ്യ സേവനം ഇവ യ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുക | പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹിക ശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ |

| MEKHALA HIGH SCHOOL - SOCIAL SCIENCE | | | | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 6 | വ്യത്യസ്ത ഇനം മണ്ണിനങ്ങളെക്കുറിച്ചും, ജലാശയങ്ങൾ, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക | വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക, ചരിത്രലാബുകളുടെ ക്രമീകരണത്തിലൂടെ | അക്കാദമിക വർഷം മുഴുവനും | സാമൂഹിക ശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ |

## മേഖല - ഹൈസ്കൂൾ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാനഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ളപ്രവർത്തനങ്ങൾ നിരന്തരവിലയിരുത്തലിന് സഹായകമായ വിധത്തിൽ ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | ജൂൺ | ഗണിത അധ്യാപകർ | |
| ഗണിതപഠനം ലളിതവും രസകരവുമാക്കുക | ഗണിതആശയങ്ങൾ കുട്ടികളിലേക്ക് എളുപ്പം കടന്നു ചെല്ലാൻ പഠനോപകരണങ്ങൾക്ക് ഏറെ സാധ്യതയുള്ളതിനാൽ രക്ഷിതാക്കൾ, കുട്ടികൾ, ബി ആർ സി അധ്യാപകർ തുടങ്ങിയവരുടെ സഹായത്തോടെ ഗണിതലാബ് ഒരുക്കി ഗണിത പഠനം എളുപ്പമാക്കുന്നു. ഗണിതസെമിനാർ, ക്വിസ്, ഗണിതോത്സവം എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ- ഫെബ്രുവരി | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും, മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | അക്കാദമിക വർഷം | ഗണിത അധ്യാപകർ | |
| ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷ ഉപയോഗിക്കുവാൻ അവസരമൊരുക്കുന്നു. . | ചുറ്റുപാടുമുള്ള വസ്തുക്കളിൽ നിന്ന് ഗണിത പഠനത്തിന് സഹായമായവ ശേഖരിച്ച് ഗണിത കിറ്റുകൾ തയ്യാറാക്കുന്നു. | ജൂൺ- ഫെബ്രുവരി | ഗണിത അധ്യാപകർ | |

## ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. ശാസ്ത്രലാബ് നവീകരണം<br>ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | - |

| | | | | |
|---|---|---|---|---|
| ശാസ്ത്രവും വിവരസാങ്കേതികവിദ്യയും കോർത്തിണക്കിയുള്ള പരിശീലനം. | സയൻസ് ലാബ്, IT ലാബ് എന്നിവ കോർത്തിണക്കി വിവിധ പരിപാടികൾ, സയൻസ് ലാബ്, IT ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. ഇ-ശാസ്ത്രലൈബ്രറി, ശാസ്ത്രമാസിക ഇവയുടെ പ്രസിദ്ധീകരണം. ശാസ്ത്രശില്പശാലകൾ IT സഹായത്തോടെ നടത്തുന്നു. നൂതന സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും ശാസ്ത്ര ക്ലാസിൽ പരിചയപ്പെടുത്തുന്നു. ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ശാസ്ത്രക്വിസ്, സെമിനാർ, പ്രോജക്ട് എന്നിവ അവതരിപ്പിക്കുവാൻ പരിശീലനം. | അക്കാദമിക വർഷം മുഴുവൻ | ശാസ്ത്ര അധ്യാപകർ | ശാസ്ത്രക്ലബ്ബ് |
| ഭിന്നശേഷിക്കാരായ കുട്ടികൾക്കായി പ്രവർത്തനങ്ങൾ ക്രമീകരിക്കുക. | റിസോഴ്സ് അധ്യാപികയുടെ സഹായത്തോടെ പഠനസാമഗ്രികൾ തയ്യാറാക്കുക (ചിത്രങ്ങൾ, സ്പെസിമെൻ എന്നിവ ഉൾപ്പെടുത്തി പഠനകാര്യങ്ങൾ തയ്യാറാക്കുക) | അക്കാദമിക വർഷം മുഴുവൻ | റിസോഴ്സ് അധ്യാപിക, ശാസ്ത്ര അധ്യാപകർ | |
| വിവിധ സ്കോളർഷിപ്പ് വിജ്ഞാനപരീക്ഷകളിൽ മികച്ച വിജയം സാധ്യമാക്കും വിധം ശാസ്ത്രപഠനത്തിന്റെ വളർച്ച ഉറപ്പുവരുത്തുക | ഉയർന്ന ചിന്താശേഷി ആവശ്യമായ പ്രവർത്തനങ്ങളുടേയും ചോദ്യങ്ങളുടേയും പൂൾ തയ്യാറാക്കുക. ഓരോ യൂണിറ്റിന്റേയും വിനിമയത്തിന്റെ സമയത്തു തന്നെ ഇത്തരം ചോദ്യപ്പൂൾ കുട്ടികൾക്ക് നൽകുക. പ്രതിവാരശാസ്ത്രപ്രശ്നോത്തരി ഓരോ കുട്ടിയും ഒരു ശാസ്ത്രവിജ്ഞാനധയറി തയ്യാറാക്കുക | ജൂൺ ഓഗസ്റ്റ് | ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ശാസ്ത്രലാബ് നവീകരണം | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് പഠന സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | ജൂൺ -ജൂലൈ | ശാസ്ത്ര അധ്യാപകർ | ശാസ്ത്രക്ലബ്ബ്, പി റ്റി എ |
| സ്കൂളിൽ ജൈവവൈവിധ്യപാർക്കിന്റെ രൂപീകരണം | തണൽ വൃക്ഷങ്ങൾ നട്ട് പിടിക്കൽ, വള്ളിപ്പടർപ്പു കൊണ്ട് ജൈവപന്തലൊരുക്കൽ ഔഷധസസ്യങ്ങളെയും ഔഷധ സസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധ തോട്ടം, പച്ചക്കറി തോട്ടം എന്നിവയുടെ രൂപീകരിക്കൽ, സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത വിദ്യാലയം. | അക്കാദമിക വർഷം മുഴുവൻ | ശാസ്ത്ര അധ്യാപകർ ഹെഡ്മിസ്ട്രസ് | ശാസ്ത്രക്ലബ്ബ്, പി റ്റി എ |
| ദിനാചരണപ്രവർത്തനങ്ങൾ | ശാസ്ത്രദിനാചരണങ്ങളുമായി ബന്ധപ്പെട്ട് രചനകൾ നടത്താൻ അവസരമൊരുക്കുകയും പതിപ്പുകൾ തയ്യാറാക്കുകയും ചെയ്യുക | അക്കാദമിക വർഷം മുഴുവൻ | ശാസ്ത്ര അധ്യാപകർ | ശാസ്ത്രക്ലബ്ബ്, |
| ശാസ്ത്രാവബോധം വളർത്തുന്നതിന് കുട്ടികളുടെ കണ്ടെത്തലുകൾ, സെമിനാർ, പരീക്ഷണങ്ങൾ, പ്രോജക്ടുകൾ ഇവ അവതരിപ്പിക്കാൻ അവസരം നൽകുക. | കുട്ടികൾക്ക് അവസരം നൽകാൻ മാസത്തിലൊരു തവണ യോഗം ചേരുന്നു. | ജൂൺ മാർച്ച് | ശാസ്ത്ര അധ്യാപകർ | ശാസ്ത്രക്ലബ്ബ് |

## മേഖല-കലാ-കായികം-ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച ഭൗതിക സൗകര്യങ്ങളും അതോടൊപ്പം പോഷകാഹാര ലഭ്യതയും ഉറപ്പുവരുത്തി മുഴുവൻ കുട്ടികളുടെയും കായികക്ഷമതയുള്ളവരാക്കുകയും കായികമേളയ്ക്ക് മികച്ച വിജയം ഉറപ്പാക്കുകയും ചെയ്യുക. | ആരോഗ്യമേഖലയിലെ വിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കുക, ഉച്ചഭക്ഷണ പദ്ധതി കൂടുതൽ പോഷക സമൃദ്ധമാക്കുക, ക്ലാസ്തല സ്കൂൾതല മേളകൾ സംഘടിപ്പിക്കുക. മികച്ച പരിശീലനം ഉറപ്പുവരുത്തുക. | ജൂൺ-മാർച്ച് | കായിക അദ്ധ്യാപകർ ഇതര അദ്ധ്യാപകർ | പി.ടി.എ. |
| കുട്ടികൾക്ക് വിവിധ കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പാകത്തിന് സംവിധാനം ഒരുക്കുക. സൂംബ ഡാൻസ് സ്കൂളിൽ അവതരിപ്പിക്കുകയും കുട്ടികളെ അതിനുവേണ്ടി സജ്ജമാക്കുകയും ചെയ്യുക. | സ്കൂൾ ഗ്രൗണ്ട് നിരപ്പാക്കി കായിക പ്രവർത്തനത്തിന് സജ്ജമാക്കുക, വിവിധ കോർട്ടുകളൊരുക്കുക, ഓരോ ക്ലാസിലും അനുയോജ്യമായ കായികോപകരണങ്ങൾ ലഭ്യമാക്കുക, അവ സൂക്ഷിക്കാൻ സൗകര്യം ഒരുക്കുക | ജൂൺ-മാർച്ച് | ഹെഡ്മിസ്ട്രസ് - കായിക അദ്ധ്യാപിക | പി.ടി.എ. |
| കലാരംഗത്ത് വ്യത്യസ്ത മേഖലകളിൽ കഴിവുള്ള കുട്ടികളെ കണ്ടുപിടിച്ച് അവർക്ക് ആവശ്യമായ പരിശീലനം നൽകി സ്കൂളിനെ ടാലന്റ് ലാബ് ആക്കുക | ഓരോ ക്ലാസിലും കലാ വിഭാഗങ്ങളിൽ മികവ് പ്രകടിപ്പിക്കുന്ന കുട്ടികളെ കണ്ടെത്തൽ. പ്രാദേശിക വിദഗ്ധരെ ഉപയോഗപ്പെടുത്തി പരിശീലനം നൽകൽ | അക്കാദമിക വർഷം മുഴുവൻ | സ്കൂൾ അദ്ധ്യാപകർ | പി.ടി.എ. വിവിധ ക്ലബുകൾ |

## മേഖല : ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപന പരിശീലനങ്ങൾ സംഘടിപ്പിക്കുക. ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ ICTഉപകരണങ്ങൾ എന്നിവ അദ്ധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ , സൈബർ സെൽ, ഐ ടി ക്ലബ്ബ് | PTA |
| 2. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക. ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ , സൈബർ സെൽ, ഐ ടി ക്ലബ്ബ് | PTA |

| | | | | |
|---|---|---|---|---|
| 3. പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ , സൈബർ സെൽ, ഐ ടി ക്ലബ്ബ് | ഐ. ടി ക്ലബ്ബ് |
| 4. ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം മാറി മാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സൈബർ സെൽ, ചൈൽഡ് ലൈൻ | |
| 5. നിത്യജീവിതത്തിൽ സ്വതന്ത്രസോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക | സ്വതന്ത്രസോഫ്റ്റ് വെയറുകളുടെ പ്രചരണം കുട്ടികളിലുടെ നടത്തുന്നു | അക്കാദമിക വർഷം | ഐടി അധ്യാപകർ | |
| 6. സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | ഐടി അധ്യാപകർ | |

## മേഖല : IEDC

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പ്രത്യേക പരിഗണന അർഹിക്കുന്ന CWSN കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം തന്നെ പഠിക്കുവാനുള്ള അവസരം നൽകുന്നു. | കുട്ടികളുടെ ശാരീരിക മാനസിക പരിമിതികൾ പരിഗണിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ, ഹെഡ്മിസ്ട്രസ് | IEDC സ്കോളർഷിപ്പ് |
| 2. പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗത്തോട് സഹാനുഭൂതി വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | ക്ലാസിലെ CWSN/IED കുട്ടികളെ പരിചരിക്കുന്നതിന് മറ്റ് കുട്ടികൾക്ക് ഉത്തരവാദിത്വം കൊടുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ, ഹെഡ്മിസ്ട്രസ് | |
| 3. പഠന കാര്യങ്ങളിൽ റിസോഴ്സ് ടീച്ചേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു. | IQ ടെസ്റ്റിലൂടെയും മറ്റ് സാങ്കേതിക സാധ്യതകളിലൂടെയും പഠനനിലവാരം മെച്ചപ്പെടുത്തുന്നു. | അക്കാദമിക വർഷം | റിസോഴ്സ് അധ്യാപകർ | |

# മേഖല : സ്കൂൾ അസംബ്ലി, സർഗ്ഗ വേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സദസ്സിനെ അഭിമുഖീകരിക്കുവാൻ ആത്മവിശ്വാസം വളർത്തൽ, ആത്മധൈര്യം നേടൽ. | ഒരു പഠിതാവ് നേടിയെടുക്കേണ്ട മൂല്യങ്ങളായ ബഹുമാനം, സത്യസന്ധത, സഹാനുഭൂതി എന്നിവയൊക്കെ മുൻനിർത്തി ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികൾ തന്നെ ഒരുക്കുന്ന അസംബ്ലി സംഘടിപ്പിക്കുന്നു. ഇതിലൂടെ വേദിയെ അഭിമുഖീകരിക്കാനുള്ളആത്മവിശ്വാസം നേടുന്നു.അവതരണത്തിനുള്ള ആത്മധൈര്യം നേടുന്നതിലൂടെ അവസരത്തിനൊത്ത് കുട്ടികൾ വേദിയിൽ അവരുടെ കഴിവ് പ്രകടിപ്പിക്കാൻ അവസരം ഒരുക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ | |
| 2. സർഗ്ഗവേളകൾ സജീവമാക്കുന്നതിന് സർഗ്ഗാത്മക കഴിവുകളെ വികസിപ്പിച്ച് ഭയം കൂടാതെ അവതരിപ്പിക്കുന്നു. | കുട്ടികൾ തന്നെ തയ്യാറാക്കുന്ന സർഗ്ഗവേളകൾ, വിവിധ കലാപ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ അവതരിപ്പിക്കുന്നതിലൂടെ കുട്ടികളിലെ സർഗ്ഗാത്മകത വികസിക്കുവാൻ പ്രാപ്തരാക്കുന്നു. സഭാകമ്പം ഇല്ലാതെ സദസിനെ അഭിമുഖീകരിക്കു | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ന്നതിലൂടെ സംസ്ഥാന തലം വരെയുള്ള കലോത്സവങ്ങളിൽ പങ്കെടുക്കുന്നതിന് സാധിക്കുന്നു. സർഗ്ഗാത്മക കഴിവുകൾ വികസിക്കുന്നതിലൂടെ കുട്ടികൾ സമൂഹത്തിൽ അറിയപ്പെടുന്ന നിലകളിൽ എത്തുന്നതിന് സഹായകരമാകുന്നു. ഇത്തരം പ്രവർത്തനത്തിലൂടെ ഓർഗ്ഗനൈസിംഗ് പവർ നേടുന്നു. കുട്ടികൾക്കാവശ്യമായ സഹായകങ്ങൾ നൽകുന്നു. | | | |

## വിദ്യാലയവികസനം സാധ്യമാക്കുന്ന ക്ലബ് പ്രവർത്തനങ്ങൾ

### വിദ്യാരംഗം കലാസാഹിത്യവേദി

**ഉപലക്ഷ്യങ്ങൾ**

ഭാഷ, സാഹിത്യം എന്നിവയിൽ കുട്ടികൾക്ക് താല്പര്യം വളർത്തുന്നതിന്

വിവിധ വ്യവഹാരരൂപങ്ങൾ ആസ്വദിക്കുന്നതിനും വിലയിരുത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ

**പ്രവർത്തനങ്ങൾ**

**1. സാഹിത്യ ശിൽപശാല**

പ്രശസ്ത കവികളെ, കഥാകാരന്മാരെ, സാഹിത്യമേഖലകളിൽ കഴിവു തെളിയിച്ച വ്യക്തികളെ സ്കൂളിൽ എത്തിച്ച് കഥ, കവിത, നാടകരചനാസങ്കേതങ്ങൾ എന്നിവ സംബന്ധിച്ച് കുട്ടികൾക്ക് പരിശീലനം നൽകുകയും, സാഹിത്യസൃഷ്ടികൾ സ്വയം രചിക്കുവാൻ കുട്ടികൾക്ക് പ്രചോദനം നൽകുകയും ചെയ്യുന്നു. കുട്ടികളുടെ രചനകൾ കയ്യെഴുത്ത് സമാഹാരമായി പുറത്തിറക്കുന്നു.

**2. അനുസ്മരണസദസ്സുകൾ**

വയലാർ അനുസ്മരണം, ബഷീർദിനാചരണം, ഒ.എൻ.വി. അനുസ്മരണം എന്നിവ നടത്തുകയും, അക്ഷരശ്ലോകം, കാവ്യകേളി, കാവ്യാലാപന മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

**3. വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകം**

ഓരോ കുട്ടികളും വായിക്കുന്ന പുസ്തകങ്ങളുടെ വിവരങ്ങളും, ആസ്വാദനക്കുറിപ്പുകളും എഴുതി സൂക്ഷിക്കാൻ വായിച്ചാലും, വായിച്ചാലും തീരാത്ത പുസ്തകം എന്ന പേരിൽ പ്രത്യേകം ഡയറി ഓരോ കുട്ടിയം തയ്യാറാക്കുന്നു. എ4 ഷീറ്റുകളിൽ തയ്യാറാക്കുന്ന ഡയറിക്കുവേണ്ട കവർ പേജുകളും ഇൻഡക്സും കുട്ടികൾക്ക് പ്രിന്റ് ചെയ്തു നൽകുന്നു. ഡയറി പരിശോധിച്ച് ഓരോ ക്ലാസിലും ഏറ്റവും അധികം പുസ്തകങ്ങൾ വായിക്കുകയും, കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്ന കുട്ടികളുടെ പേരുകൾ അസംബ്ലിയിൽ ഓരോ ആഴ്ചയും പ്രഖ്യാപിക്കുന്നു.

| പ്രവർത്തനം | കാലയളവ് | നിർവ്വാഹണ ചുമതല |
|---|---|---|
| 1. സാഹിത്യശില്പശാല | ജൂൺ-ജനുവരി | വിദ്യാരംഗം ക്ലബിന്റെ ചാർജ്ജുള്ള അധ്യാപിക |
| 2. അനുസ്മരണസദസ്സുകൾ | ജൂൺ-മാർച്ച് | |
| 3. വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകം | ജൂൺ - മാർച്ച് | |

**English club**

**Objectives**

Enrich language fluency and vocabulary

Develop skills in listening, speaking, reading and writing

**Activities**

**1. Story time**

Arranging half and hour after lunch break once in a every weak as story time. English cartoon stories will be displayed for this. Students watch and write the names of characters. Students keep separate story book for these activities.

**2. English news letter**

English news letter containing different works of students in various discourse will be printed and published in A3 size once in a term. Separate editorial board will be formed for this activity.

| Activities | Time period | Co-ordnator |
|---|---|---|
| 1. Story time | June-March | English Teacher |
| 2. English news letter | June - March | " |

**സാമൂഹ്യശാസ്ത്ര ക്ലബ്ബ്**

**ഉപലക്ഷ്യം**

- ജനാധിപത്യബോധം വളർത്തുന്നതിനും, ജനാധിപത്യ നടപടികളെപ്പറ്റി ധാരണ രൂപീകരിക്കുന്നതിനും
- പ്രാദേശിക ചരിത്രരചന നടത്തുന്നതിനും കുട്ടികളുടെ ചരിത്രബോധം വികസിപ്പിക്കുന്നതിനും
- ആനുകാലിക സംഭവങ്ങളിലുള്ള അറിവ് വികസിപ്പിക്കുന്നതിനും കുട്ടികളിൽ സ്വയം പഠനത്തിനുള്ള ശേഷി വികസിപ്പിക്കുന്നതിനും
- ഭൂമിശാസ്ത്രപഠനത്തിന് പ്രാദേശിക സാധ്യതകൾ ഉപയോഗപ്പെടുത്തൽ

**പ്രവർത്തനങ്ങൾ**

**1. മോക്ക് പാർലമെന്റും ക്ലാസ് സഭകളും**

**ഇലക്ട്രോണിക് വോട്ടിംഗ് രീതി**

ഇലക്ട്രോണിക് വോട്ടിംഗ് രീതി ഉപയോഗിച്ച് സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തിയശേഷം പാർലമെന്റ് അംഗങ്ങൾക്ക് വിവിധ ചുമതലകൾ നൽകുന്നു.

ഓരോ ക്ലാസിലും ക്ലാസ് സഭകൾ രൂപീകരിച്ച് ശുചിത്വം, അച്ചടക്കം തുടങ്ങിയ മേഖല കളിൽ ഓരോരുത്തർക്കും ചുമതല നൽകുകയും ഇടയ്ക്കിടെ സഭ ചേർന്ന് ഇവ വില യിരുത്തുകയും ചെയ്യുന്നു.

**2. സാമൂഹ്യശാസ്ത്ര ലാബ് സജ്ജീകരണം**

ഓരോ ക്ലാസിലും, സാമൂഹ്യശാസ്ത്രലാബിലേക്കുള്ള സാമഗ്രികളുടെ ലിസ്റ്റ് ചർച്ച ചെയ്തതിനു ശേഷം കുട്ടികൾ ലാബ് സജ്ജീകരിക്കുന്നതിനാവശ്യമായ വിവിധ മണ്ണി നങ്ങൾ, ധാന്യങ്ങൾ, പഴയ ഉപകരണങ്ങൾ തുടങ്ങിയവ സ്കൂളിലെത്തിച്ച് സാമൂഹ്യ ശാസ്ത്രക്ലബ് ക്രമീകരിക്കുന്നു.

**3. പ്രാദേശിക ചരിത്ര രചന**

കുഴിമറ്റം, പനച്ചിക്കാട്, ചാന്നാനിക്കാട്, പാറക്കുളം, പരുത്തുംപാറ എന്നീ പ്രദേ ശങ്ങളുടെ ചരിത്രരചന വിവിധ ഗ്രൂപ്പുകളിലായി നിർവ്വഹിക്കുന്നു. പ്രാദേശിക ചരിത്ര രചന ഒരു പുസ്തകമാക്കി പ്രിന്റു ചെയ്തതിനുശേഷം സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി പ്രദേശത്തെ ലൈബ്രറികൾ തുടങ്ങിയ ഇടങ്ങളിൽ പഠനത്തിനും, റഫറൻസി നുമായി വിതരണം ചെയ്യുന്നു.

| പ്രവർത്തനം | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|
| 1. മോക്ക് പാർലമെന്റും ക്ലാസ് സഭകളും | ജൂൺ-സെപ്റ്റംബർ | ക്ലബ്ബിന്റെ ചാർജ്ജുള്ള സാമുഹ്യശാസ്ത്ര അധ്യാപിക |
| 2. സാമൂഹ്യശാസ്ത്ര ലാബ് സജ്ജീകരണം | ജൂൺ-നവംബർ | ” |
| 3. പ്രാദേശിക ചിത്രരചന | ജൂൺ-ജനുവരി | ” |

**സയൻസ് ക്ലബ്**

**ഉപലക്ഷ്യം**

- കുട്ടികളിൽ ശാസ്ത്രപഠനതാല്പര്യം വർദ്ധിപ്പിക്കുന്നതിനും, അന്വേഷണ ത്വര സൃഷ്ടിക്കുന്നതിനും
- നൂതന ശാസ്ത്രനേട്ടങ്ങൾ കുട്ടികൽക്ക് പരിചിതമാക്കൽ പ്രവർത്തനങ്ങൾ

**1. ശാസ്ത്രനിഘണ്ടു നിർമ്മാണം**

ഓരോ ദിവസവും പരിചയപ്പെടുന്ന ശാസ്ത്രപദങ്ങൾ ക്രമീകരിച്ച് അക്കാദമിക വർഷ ത്തിന്റെ ആരംഭത്തിൽതന്നെ ഓരോ കുട്ടിയും ശാസ്ത്രനിഘണ്ടു നിർമ്മിക്കൽ, ഓരോ ക്ലാസുകളിലും ലഭിക്കുന്ന പുതിയ വിവരങ്ങൾ കൂട്ടിച്ചേർത്ത് നിഘണ്ടു വിപുലീകരി ക്കൽ.

**2. വിസ്മയച്ചുവർ**

ഓരോ ക്ലാസിലും പ്രത്യേകം ക്രമീകരിച്ച ബോർഡിൽ, ആനുകാലിക സയൻസ് കണ്ടുപിടുത്തങ്ങൾ, ശാസ്ത്രസംബന്ധിയായ പത്ര കട്ടിംഗുകൾ എന്നിവ ഉൾപ്പെടുത്തി കുട്ടികൾ വിസ്മയച്ചുവർ തയ്യാറാക്കുന്നു. വിസ്മയച്ചുവരിലെ പ്രദർശനവസ്തുക്കളെ അടിസ്ഥാനമാക്കി ഓരോ മാസവും ക്ലാസ്തല ക്വിസ് മത്സരം കുട്ടികൾതന്നെ നടത്തുന്നു.

**3. ശാസ്ത്രോത്സവം**

ശാസ്ത്ര പരീക്ഷണങ്ങൾക്കായി ഏകദിന ശാസ്ത്രോത്സവം നടത്തുന്നു. യു.പി.ക്ലാസുകളിലെ കുട്ടികൾക്കനുയോജ്യമായ പരീക്ഷണങ്ങൾ ലിസ്റ്റുചെയ്ത് കുട്ടികളെ വിവിധ ഗ്രൂപ്പുകളിലായി തിരിച്ച് ശാസ്ത്രോത്സവം നടത്തുന്നു. പരീക്ഷണക്കുറിപ്പുകൾ ശേഖരിച്ച് വിലയിരുത്തുന്നു.

| പ്രവർത്തനം | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|
| 1. ശാസ്ത്രനിഘണ്ടു ക്ലാസ് സഭകളും | ജൂൺ-നവംബർ | ക്ലബ്ബിന്റെ ചാർജ്ജുള്ള സാമൂഹ്യശാസ്ത്ര അധ്യാപിക |
| 2. വിസ്മയച്ചുവർ | ജൂൺ-മാർച്ച് | |
| 3. ശാസ്ത്രോത്സവം | ജൂൺ-ഡിസംബർ | |

**ഗണിത ക്ലബ്ബ്**

**ഉപലക്ഷ്യങ്ങൾ**

- ഗണിതത്തിലെ അടിസ്ഥാനശേഷികൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളിൽ ഗണിത പഠനതാല്പര്യം വളർത്തുക.
- പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഗണിതശാസ്ത്രത്തെ ഉപയോഗപ്പെടുത്താൻ കുട്ടികളെ പ്രാപ്തമാക്കുക

**പ്രവർത്തനങ്ങൾ**

**ഗണിത മാസികകൾ**

അധ്യാപകരുടെയും, രക്ഷിതാക്കളുടെയും സഹായത്തോടെ കുട്ടികൾ കണ്ടെത്തുകയും ശേഖരിക്കുകയും ചെയ്യുന്ന ആശയങ്ങളും ചിത്രങ്ങളും ഉൾപ്പെടുത്തി ഗണിത കയ്യെഴുത്തുമാസിക തയ്യാറാക്കുന്നു. ഇത് വികസിപ്പിച്ച് പിന്നീട് ഉപജില്ലാതല മത്സരങ്ങളിലേക്ക് പങ്കെടുപ്പിക്കുന്നു.

**ഗണിത ചർച്ചാക്കൂട്ടം**

ലൈബ്രറി സഹായത്തോടെ വിവിധ ഗണിത ഉപവിഷയങ്ങൾ, കുട്ടികളുടെ ഗ്രൂപ്പുകൾ റഫർ ചെയ്യുകയും ശേഖരിച്ച വിവരങ്ങൾ അധ്യാപകന്റെ സഹായത്തോടെ ഓരോ ക്ലാസിലും ആഴ്ചയിൽ ഉച്ചയ്ക്ക് 1:15 മുതൽ 1:30 വരെ നടക്കുന്ന ഗണിത ചർച്ചാക്കൂട്ട ത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

**പസ്സിൽ ബോർഡ്**

ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽ പൊതുവായി പസിൽ ബോർഡ് സ്ഥാപി ക്കുന്നു. ഓരോ ആഴ്ചയും ഗണിക ക്ലബ് അംഗങ്ങൾ ഗണിത പസിലുകൾ ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഉത്തരങ്ങൾ ശേഖരിക്കുന്നതിന് പ്രത്യേകം ബോക്സ് സ്ഥാപിക്കു ന്നു. ശരിയുത്തരങ്ങൾ പരിശോധിച്ച് അസംബ്ലികളിൽ വിജയികളെ അഭിനന്ദിക്കുന്നു.

അസംബ്ലികളിൽ വിജയികളെ അഭിനന്ദിക്കുന്നു

| പ്രവർത്തനം | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|
| 1. ഗണിത മാസികകൾ | ജൂൺ-ജനുവരി | ഗണിതക്ലബ്ബിന്റെ ചാർജ്ജുള്ള |
| 2. ഗണിത ചർച്ചാക്കൂട്ടം | ജൂൺ-മാർച്ച് | അധ്യാപിക |
| 3. പസ്സിൽ ബോർഡ് | ജൂൺ-മാർച്ച് | ” |

**ഹിന്ദി ക്ലബ്**

**ഉപലക്ഷ്യങ്ങൾ**

- ഹിന്ദി പഠനത്തിൽ താല്പര്യമുണർത്തുന്നവിധം നിത്യജീവിതവുമായി ബന്ധപ്പെടുത്തി പഠന പ്രവർത്തനങ്ങൾ നടത്തുക
- സ്വാഭാവിക സാഹചര്യത്തിൽ ഹിന്ദി ഉപയോഗിക്കാനുള്ള അവസരം സൃഷ്ടിക്കുക

**പ്രവർത്തനങ്ങൾ**

**ഹിന്ദി ദിനാചരണം**

സെപ്റ്റംബർ 14ന് ഹിന്ദി ദിനാചരണത്തോടനുബന്ധിച്ച് പോസ്റ്റർ, രചന, പ്രഭാഷണം എന്നിവ നടത്തുന്നു. ക്ലബ്ബംഗങ്ങൾ നേതൃത്വം നൽകുന്നു.

**ഹിന്ദി ഡബ്ബിംഗ്**

പാഠഭാഗവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററികൾ, വീഡിയോകൾ എന്നിവ പ്രദർശിപ പ്പിക്കുകയും അവ കുട്ടികൾ ഹിന്ദിയിലേക്ക് ഡബ്ബിംഗ് നടത്തുകയും ചെയ്യുന്നു. ഇതി നായി മലയാളം-ഹിന്ദി ഡിക്ഷനറി റഫറൻസും, അധ്യാപികയുടെ സഹായവും ഉപ യോഗിക്കുന്നു.

**ഹിന്ദി അസംബ്ലി**

മാസത്തിലൊരിക്കൽ ഓരോ ക്ലാസിലെ കുട്ടികൾ വീതം ഹിന്ദിയിലുള്ള അസംബ്ലി സംഘടിപ്പിക്കുന്നു. കുട്ടികൾ ഹിന്ദിയിലുള്ള പ്രാർത്ഥന, ചിന്താവിഷയം, പ്രഭാഷണം, ക്വിസ് തുടങ്ങിയ പ്രവർത്തനങ്ങൾ ഹിന്ദിയിൽ തയ്യാറാക്കി അവതരിപ്പിക്കുന്നു.

| പ്രവർത്തനം | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|
| 1. ഹിന്ദി ദിനാചരണം | സെപ്തംബർ | ഹിന്ദി ക്ലബ്ബിന്റെ ചാർജ്ജുള്ള |
| 2. ഹിന്ദി ഡബ്ബിംഗ് | ജൂൺ-മാർച്ച് | അധ്യാപിക |
| 3. ഹിന്ദി അസംബ്ലി | ജൂൺ-ഫെബ്രുവരി | ” |

**ലഹരിവിരുദ്ധ ക്ലബ്ബ്**

**ഉപലക്ഷ്യങ്ങൾ**

കുട്ടികളിൽ ലഹരിവിരുദ്ധ മനോഭാവം സൃഷ്ടിക്കുകയും ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ താല്പര്യം വളർത്തുകയും ചെയ്യൽ.

**പ്രവർത്തനങ്ങൾ**

**ലഹരിവിരുദ്ധബോധവൽക്കരണ ക്ലാസുകൾ**

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് (ജൂൺ 29) ലഹരിവിരുദ്ധ നാടകാവതരണം, പോസ്റ്റർ പ്രദർശനം, ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു.

കുട്ടിപട്ടാളങ്ങൾ

എൻ.സി.സി., ജെ.ആർ.സി. യൂണിറ്റുകളിലുള്ള കുട്ടികളെ 5 പേരടങ്ങുന്ന ഗ്രൂപ്പുകളായി തിരിക്കുകയും, ഏതെങ്കിലും, സാഹചര്യങ്ങളിൽ കുട്ടികൾ ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതായി കണ്ടാൽ അധ്യാപകരോട് റിപ്പോർട്ട് ചെയ്യാൻ സജ്ജരാക്കുന്നു. ഇത്തരത്തിൽ തിരഞ്ഞെടുക്കുന്ന സംഘങ്ങളെ കുട്ടിപട്ടാളങ്ങൾ എന്ന് ഗ്രൂപ്പായി പരിഗണിക്കുന്നു.

| പ്രവർത്തനം | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|
| 1. ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ | ജൂൺ-മാർച്ച് | ലഹരിവിരുദ്ധ ക്ലബ്ബിന്റെ ചാർജ്ജുള്ള അധ്യാപിക |
| 2. കുട്ടി പട്ടാളങ്ങൾ | ” | ” |

**പരിസ്ഥിതി ക്ലബ്ബ്**

**ഉപലക്ഷ്യങ്ങൾ**

1) കുട്ടികളിൽ പരിസ്ഥിതി പഠനതാല്പര്യം വളർത്തുന്നതിനും പ്രാദേശിക സാധ്യതകൾ പരിസ്ഥിതി പഠനത്തിൽ ഉപയോഗപ്പെടുത്തുന്നതിനും

2) ജൈവവൈവിധ്യം അതിന്റെ പ്രാധാന്യം, സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച് ധാരണ രൂപീകരണത്തിന്

**പ്രവർത്തനങ്ങൾ**

**1. പരിസ്ഥിതി കലണ്ടർ നിർമ്മാണം**

പരിസ്ഥിതിയുമായി ബന്ധപ്പെട്ട (കൃഷി, വനം, ജലം) പ്രധാന ദിനങ്ങൾ കണ്ടെത്തി പരിസ്ഥിതി ക്ലബ് അംഗങ്ങളായ കുട്ടികൾ പരിസ്ഥിതി കലണ്ടർ നിർമ്മിക്കുന്നു.

**2. പരിസ്ഥിതി പത്രം നിർമ്മാണം**

പരിസ്ഥിതി ക്ലബ് അംഗങ്ങളിൽനിന്ന് പ്രത്യേക എഡിറ്റോറിയൽ ബോർഡ് രൂപീകരിച്ച് കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പരിസ്ഥിതി പത്രം എ3 സൈസിൽ അച്ചടിച്ച് പുറത്തിറക്കുന്നു.

**3. പ്രകൃതി പുസ്തകം**

ഓരോ കുട്ടിയും നടത്തുന്ന പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഓരോരുത്തരുടെയും ശുചിത്വശീലങ്ങൾ, ശേഖരിക്കുന്ന നാട്ടറിവുകൾ, പരിസ്ഥിതി ചിത്രങ്ങൾ തുടങ്ങിയവ പ്രകൃതിപുസ്തകം എന്ന പേരിൽ പ്രത്യേകം പുസ്തകത്തിൽ ഓരോരുത്തരും സമാഹരിക്കുന്നു. ഇവ ഓരോ ടേമിലും, ക്ലാസ് പി.ടി.എ.കളിലും പൊതുവായി പ്രദർശിപ്പിക്കുന്നു.

| പ്രവർത്തനം | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|
| 1. പരിസ്ഥിതി കലണ്ടർ | ജൂൺ-മാർച്ച് | ശാസ്ത്ര അദ്ധ്യാപിക |
| 2. പരിസ്ഥിതി പത്രം നിർമ്മാണം | ജൂൺ-മാർച്ച് | ” |
| 3. പ്രകൃതി പുസ്തകം | ” | ” |

**ശുചിത്വ ക്ലബ്**

**ഉപലക്ഷ്യങ്ങൾ**

1. വ്യക്തിശുചിത്വം, സാമൂഹ്യശുചിത്വം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി കുട്ടികൾക്ക് ധാരണയുണ്ടാക്കൽ

2. ശുചിത്വ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കൽ, ശുചിത്വ ശീലങ്ങൾ വളർത്തൽ
3. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വിപത്തിനെപ്പറ്റി കുട്ടികളിൽ അവബോധം സൃഷ്ടിക്കൽ

**പ്രവർത്തനങ്ങൾ**

**1. ക്ലാസ് റൂം പൂന്തോട്ടങ്ങൾ**

ക്ലാസ് റൂം പൂന്തോട്ടങ്ങൾ സ്ഥാപിക്കാൻ ഓരോ ക്ലാസിലെയും ശുചിത്വ ക്ലബ് അംഗങ്ങൾ നേതൃത്വം നൽകുന്നു. ഓരോ കുട്ടിയുടെ വീട്ടിൽനിന്നും കൊണ്ടുവരുന്ന ചെടികൾ കൃത്യമായ പ്ലാനോടെ ക്ലാസ് പരിസരത്ത് വച്ച് പിടിപ്പിക്കുന്നു.

**2. മാലിന്യ ഇനം തിരിക്കൽ**

വിവിധയിനം മാലിന്യങ്ങൾ സംസ്കരിക്കാൻ ഓരോന്നിനും പ്രത്യേകം ബിന്നുകൾ വിദ്യാലയത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നു. ഇവയിലെ മാലിന്യങ്ങൾ ഇനം തിരിക്കുന്നു.

| പ്രവർത്തനം | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|
| 1. ക്ലാസ് റൂം | ജൂൺ-മാർച്ച് | ശുചിത്വ ക്ലബിന്റെ ചാർജ്ജുള്ള അദ്ധ്യാപിക |
| 2. മാലിന്യ ഇനം തിരിക്കൽ | " | " |

**സമൂഹ പിന്തുണയിലൂന്നിയ അക്കാദമിക പ്രവർത്തനങ്ങൾ**

**ഉപലക്ഷ്യങ്ങൾ**

1. പഠന പ്രവർത്തനങ്ങൾക്ക് സാമൂഹ്യ പിന്തുണ ഉപയോഗിക്കും
2. വികസനത്തിന് പ്രാദേശിക ഇടവും, വിദ്യാലയവും കൈകോർക്കൽ
3. കുട്ടികളുടെ ഗാർഹിക പഠനാന്തരീക്ഷം മെച്ചപ്പെടുത്തലും, പഠനത്തിൽ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും സഹായം ഉറപ്പിക്കൽ

**പ്രവർത്തനങ്ങൾ**

**1. വായനാമുറ്റങ്ങൾ**

സ്കൂൾ ലൈബ്രറിയിൽനിന്നും, വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും പുസ്തക വിതരണം നടത്തുന്നു. മൂന്നു മാസത്തിലൊരിക്കൽ സ്കൂൾ ലൈബ്രറിയിൽവച്ച് രക്ഷിതാക്കളുടെയും കുട്ടികളുടേയും പുസ്തകാവതരണം നടത്തുന്നു. പ്രാദേശിക ലൈബ്രറികളുടെ സഹായത്തോടെയും വായനാമുറ്റങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

**2. ശ്രദ്ധ-സ്കൂൾ ഡയറി**

രക്ഷിതാക്കളും അദ്ധ്യാപകരും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനായി ശ്രദ്ധ എന്ന പേരിൽ സ്കൂൾ ഡയറി കുറഞ്ഞ ചെലവിൽ പ്രിന്റ് ചെയ്തു നൽകുന്നു.

അധ്യാപകരും, രക്ഷിതാക്കളും തമ്മിൽ കുട്ടികലുടെ പഠനനേട്ടങ്ങൾ പഠനപുരോഗതി, പഠന നിർദ്ദേശങ്ങൾ, അസൈൻമെന്റുകൾ, സ്കൂളിൽ നടത്തുന്ന സവിശേഷ പരിപാടികൾ, ക്യാമ്പുകൾ തുടങ്ങിയവ സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിന് സ്കൂൾ ഡയറി ഉപയോഗിക്കുന്നു.

3. അദ്ധ്യാപകരുടെ വർക്ക് ഷീറ്റ് നിർമ്മാണ ശില്പശാല

ഓരോ വിഷയത്തിലും വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികൾക്കിണങ്ങുന്ന വർക്ക ഷീറ്റുകൾ ഐ.സി.സി. സാധ്യത ഉപയോഗപ്പെടുത്തി തയ്യാറാക്കാൻ സ്കൂളിലെ അധ്യാപകർപ്പ് പ്രത്യേക പരിശീലനം നൽകുന്നു. വിവിധ പാഠഭാഗങ്ങൾ വിനിമയം ചെയ്യുന്നതിന് വർക്ക്ഷീറ്റുകൽ ഉപയോഗിക്കുന്നു.

4. അതിഥിക്കൊപ്പം അരമണിക്കൂർ

പ്രദേശത്തെ വ്യത്യസ്ത മേഖലകളിൽ വിദഗ്ധരായവരെ പി.ടി.എ. വഴി ലിസ്റ്റ് ചെയ്യുന്നു. യു.പി. സ്കൂൾ വിഭാഗങ്ങളിൽ 3 മാസത്തിലൊരിക്കൽ ഒരു അതിഥി എന്ന രീതിയിൽ ക്ലാസുകൾ സംഘടിപ്പിക്കുന്നു. കുട്ടികൾ അനുഭവക്കുറിപ്പുകൾ തയ്യാറാക്കുന്നു.

| പ്രവർത്തനം | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|
| 1. ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ | ജൂൺ-മാർച്ച് | ലഹരിവിരുദ്ധ ക്ലബ്ബിന്റെ ചാർജ്ജുള്ള അധ്യാപിക |
| 2. കുട്ടി പട്ടാളങ്ങൾ | ” | ” |

**Career Guidance & Adolescence Education Club**

**ഉപലക്ഷ്യങ്ങൾ**

- ഹൈസ്കൂൾ വിഭാഗം കുട്ടികൽക്ക് വിവിധ തൊഴിൽ മേഖലകളെ സംബന്ധിച്ച ധാരണ നൽകുന്നതിന്
- കൗമാരപ്രായത്തിലുള്ള കുട്ടികൾക്ക് മാനസിക-ശാരീരിക വികാസം, പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് പ്രത്യേക ക്ലാസും കൗൺസിലിംങ്ങും നൽകൽ.

**പ്രവർത്തനം**

**1. കരിയർ ഗൈഡൻസ് ശില്പശാല**

9,10 ക്ലാസുകളിലെ കുട്ടികൾക്ക് വിധിത കോഴ്സുകൾ, ജോലി സാധ്യതകൾ, യോഗ്യതകൾ എന്നിവ സംബന്ധിച്ച കരിയർ ഗൈഡൻസ് ക്ലാസ് നൽകുന്നു. ശില്പശാലയുടെ നടത്തിപ്പിന് പ്രദേശത്തെ ക്ലബുകളുടെ സഹകരണംകൂടി ലഭ്യമാക്കുന്നു.

**2. കൗൺസിലിങ് ക്ലാസ്**

കൗമാരപ്രായ കുട്ടികളുടെ മാനസിക-ശാരീരിക വികാസം, പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് പ്രത്യേക ക്ലാസും, കൗൺസിലിങ്ങും നൽകുന്നു.

| പ്രവർത്തനം | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|
| 1. കരിയർ ഗൈഡൻസ് ശില്പശാല | ജൂൺ-മാർച്ച് | കരിയർ ഗൈഡൻസിന്റെ ചുമതലയുള്ള അധ്യാപിക |
| 2. കൗൺസിലിന് ക്ലാസ് | ” | |

**മോണിറ്ററിംഗ്**

ഫലപ്രദമായ മോണിറ്ററിംഗിന്റെയും അവലോകനത്തിന്റെയും അഭാവം ആസൂത്രണം ചെയ്ത അക്കാദമിക പദ്ധതിയുടെ സാക്ഷാത്കാരത്തിന് വിഘാതമാവും എന്നത് അവിതർക്കിതമാണ്. ആയതിനാൽ ക്ലാസ്, സ്കൂൾ, പി.ഇ.സി., ഉപജില്ലാതല ങ്ങളിൽ നിരന്തരമായ മോണിറ്ററിംഗും പിന്തുണയും അനിവാര്യമാണ്.

**1. ക്ലാസ്തല മോണിറ്ററിംഗ് സമിതി**

ഹെഡ്മാസ്റ്റർ, ക്ലാസ് അധ്യാപകർ, ക്ലാസ് പി.ടി.എ. പ്രതിനിധികൾ എന്നിവരട ങ്ങുന്ന സമിതി ക്ലാസ് തലത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തും. പ്രതിമാസ ക്ലാസ് പി.ടി.എ.കളിൽ ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ടിംഗ് പ്രധാന അജണ്ടയായിരിക്കും.

**2. എസ്.ആർ.ജി.**

ക്ലാസ്തല പ്രവർത്തനങ്ങളേയും വിഷയാധിഷ്ഠിത പദ്ധതികളേയും ഏകോപി പ്പിക്കുന്ന ചുമതല എസ്.ആർ.ജിക്കായിരിക്കും. പ്രതിവാര എസ്.ആർ.ജി. യോഗങ്ങ ളിൽ മുൻ ആഴ്ചയിലെ പ്രവർത്തനങ്ങൾ, ഫീഡ്ബാക്ക് എന്നിവ കൺവീനർ അവത രിപ്പിക്കും. വരും ആഴ്ചയിലെ പ്രവർത്തനങ്ങളുടെ വിശദമായ ആസൂത്രണവും നട ക്കും. അക്കാദമിക പദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രതിമാസ പ്രവർത്തന കലണ്ടർ രൂപീകരിക്കും. പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ തയ്യാറാക്കും.

**3. ഹെഡ്മാസ്റ്റർ**

പാഠാസൂത്രണം പരിശോധന, ക്ലാസ് പരിശോധന എന്നിവയുടെ അടിസ്ഥാന രേഖയായി അക്കാദമിക പ്ലാനിനെ പരിഗണിക്കും. പദ്ധതി നടത്തിപ്പിന്റെ മുഖ്യ ചുമ തല വഹിക്കും.

**4. സ്കൂൾതല മോണിറ്ററിംഗ് സമിതി**

ഹെഡ്മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ പി.ടി.എ. പ്രസിഡന്റ്, മദർ പി.ടി.എ. പ്രസി ഡന്റ് വിദ്യാലയ വികസന സമിതി ചെയർമാൻ, എസ്.ആർ.ജി കൺവീനർ, സ്റ്റാഫ് സെക്രട്ടറി എന്നിവർ അംഗങ്ങളായ സമിതി സ്കൂൾതലത്തിൽ മോണിറ്ററിംഗ് നിർവ്വ ഹിക്കും.

## ഉപസംഹാരം

എൻ.എസ്.എസ്.എച്ച്.എസ്. ചിങ്ങവനം സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാ ബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസംകൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവ കാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസ മാണ് ഞങ്ങൾക്കുള്ളത്. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളുടെയും അക്കാദ മിക വളർച്ചയ്ക്കുവേണ്ടി കൂട്ടായ ശ്രമങ്ങളിലൂടെ തയ്യാറാക്കിയ ഈ രേഖ പൊതുവി ദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള ഈ വിദ്യാലയത്തിന്റെ സുപ്രധാ നരേഖയായിരിക്കും. സ്കൂൾതന്നെ പാഠപുസ്തകം എന്ന വിശാലമായ ആശയത്തി ലൂന്നി നിന്നുകൊണ്ട് ഗുണനിലവാരവും തുല്യമായും ഉറപ്പുവരുത്തുന്ന വിദ്യാലയം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ഉതകുന്ന തരത്തിൽത്തന്നെയാണ് ഈ അക്കാദ മിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# എൻ.എസ്.എസ്. എച്ച്.എസ്.എസ്. ചിങ്ങനവനം
# സ്കൂൾ പ്രവർത്തന കലണ്ടർ

**ജൂൺ മാസം**

| തീയതി/മാസം | പ്രവർത്തന പ്രാധാന്യം | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ 6 | ചുമതലാവിഭജനം എസ്. ആർ.ജി. മീറ്റിംഗ് | വിവിധ ചുമതലകൾ അധ്യാപകർക്ക് |
| ജൂൺ 9 | പ്രവേശനോത്സവം | നവാഗതരായ കുട്ടികൾക്ക് സ്വീകരണം |
| ജൂൺ 10 | ക്ലബുകളുടെ രൂപീകരണം | വിദ്യാരംഭം, ഇക്കോ ക്ലബ്, സമയൻ ഗണിത ക്ലബ്, സോഷ്യൽ സയൻസ്, ഐറ്റി ക്ലബ്, ഹെൽത്ത് ക്ലബ് എന്നിവയുടെ രൂപീകരണം |
| ജൂൺ 19 | വായനാദിനം, പി.എൻ. പണിക്കർ അനുസ്മരണം | വിദ്യാരംഗം കലാസാഹിത്യ വേദി ഉദ്ഘാടനം, സാഹിത്യ മത്സരങ്ങൾ |
| ജൂൺ 26 | പുകയില വിരുദ്ധ ദിനം | ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ് ലഹരിവിരുദ്ധ പ്രതിജ്ഞ |
| ജൂൺ 27 | ക്ലാസ് പി.ടി.എ. യോഗം | യോഗം വിളിച്ച് കുട്ടികളുടെ പഠന കാര്യങ്ങളുടെ ചർച്ച |

**ജൂലൈ മാസം**

| തീയതി/മാസം | പ്രവർത്തന പ്രാധാന്യം | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂലൈ 5 | ബഷീർ ചരമദിനം | അസംബ്ലിയിൽ ബഷീർ അനുസ്മരണ പ്രഭാഷണം, ബഷീർ കൃതികളുടെ പ്രദർശനം |
| ജൂലൈ 10 | ഉറൂബ് ചരമദിനം | ചിത്ര പ്രദർശനം, വിശദീകരണ യോഗം |
| ജൂലൈ 11 | ലോകജനസംഖ്യാദിനം | ഉപന്യാസമത്സരം |
| ജൂലൈ 15 | എസ്.ആർ.ജി. മീറ്റിംഗ് | സബ്ജക്ട് കൗൺസിൽ യോഗം |
| ജൂലൈ 18 | ക്ലാസ് പി.ടി.എ. യോഗം | 8,9,10 ക്ലാസ് പഠനപുരോഗതി വിലയിരുത്തൽ |
| ജൂലൈ 21 | ചാന്ദ്രദിനം | ക്വിസ് മത്സരം, കൊളാഷ് മത്സരം |
| ജൂലൈ 29 | ഒന്നാം ലോകമഹായുദ്ധത്തിന്റെ നൂറാം അനുസ്മരണം | യുദ്ധവിരുദ്ധ പ്രതിജ്ഞ |

| ആഗസ്റ്റ് മാസം | | |
|---|---|---|
| തീയതി/മാസം | പ്രവർത്തന പ്രാധാന്യം | പ്രവർത്തനങ്ങൾ |
| ആഗസ്റ്റ് 5 | എസ്.ആർ.ജി. മീറ്റിംഗ് | സബ്ജക്ട് കൗൺസിൽ യോഗം |
| ആഗസ്റ്റ് 8 | ക്ലാസ് പി.റ്റി.എ. യോഗം | ക്ലാസ് പഠനപുരോഗതി വിലയിരുത്തൽ |
| ആഗസ്റ്റ് 11 | പി.റ്റി.എ. ജനറൽബോഡി യോഗം | പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കൽ |
| ആഗസ്റ്റ് 15 | സ്വാതന്ത്ര്യദിനം | പതാക ഉയർത്തൽ, സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികൾ |
| ആഗസ്റ്റ് 21 | എസ്.ആർ.ജി. മീറ്റിംഗ്, സ്റ്റാഫ് മീറ്റിംഗ് | ക്ലാസ് അവലോകനം |

| സെപ്റ്റംബർ മാസം | | |
|---|---|---|
| തീയതി/മാസം | പ്രവർത്തന പ്രാധാന്യം | പ്രവർത്തനങ്ങൾ |
| സെപ്റ്റംബർ 5 | അദ്ധ്യാപക ദിനം | അദ്ധ്യാപക ദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾ അവതരിപ്പിക്കുന്ന പരിപാടികൾ |
| സെപ്റ്റംബർ 8 | ലോക സാക്ഷരതാദിനം | പോസ്റ്റർ നിർമ്മാണം, ഉപന്യാസ മത്സരം |
| സെപ്റ്റംബർ 26 | എസ്.ആർ.ജി. മീറ്റിംഗ് | ക്ലാസ് പഠനപുരോഗതി വിലയിരുത്തൽ |
| സെപ്റ്റംബർ 30 | പി.ടി.എ. എക്സിക്യൂട്ടീവ് യോഗം | പഠനനിലവാരം മെച്ചപ്പെടുത്തൽ |

| ഒക്ടോബർ മാസം | | |
|---|---|---|
| തീയതി/മാസം | പ്രവർത്തന പ്രാധാന്യം | പ്രവർത്തനങ്ങൾ |
| ഒക്ടോബർ 1 | വയോജനദിനം | വയോജനദിന പ്രാധാന്യത്തെ മുൻനിർത്തി പ്രഭാഷണം |
| ഒക്ടോബർ 2 | ഗാന്ധി ജയന്തി | ഉപന്യാസം പോസ്റ്റർ നിർമ്മാണം |
| ഒക്ടോബർ 9 | ഒക്ടോബർ ആദ്യവാരം | സ്കൂൾ യുവജനോത്സവം വിവിധ കലാമത്സരം |
| ഒക്ടോബർ 16 | വള്ളത്തോൾ ജന്മദിനം | ക്വിസ് മത്സരം, അസംബ്ലിയിൽ പ്രഭാഷണം |
| ഒക്ടോബർ 17 | എസ്.ആർ.ജി. മീറ്റിംഗ് | ക്ലാസ് പുരോഗതി വിലയിരുത്തൽ |
| ഒക്ടോബർ 21 | വിദ്യാരംഗം കലാസാഹിത്യവേദി | വിവിധ സാഹിത്യമത്സരങ്ങൾ |
| ഒക്ടോബർ 28 | ക്ലാസ് പി.റ്റി.എ. യോഗം | ക്ലാസ് പുരോഗതി വിലയിരുത്തൽ |

**നവംബർ മാസം**

| തീയതി/മാസം | പ്രവർത്തന പ്രാധാന്യം | പ്രവർത്തനങ്ങൾ |
|---|---|---|
| നവംബർ 1 | കേരളപ്പിറവി ദിനം | കേരളീയം 2025 കേരളത്തിലെ സവിശേഷമായ ഏതെങ്കിലും കലാരൂപത്തിന്റെ അവതരണം |
| നവംബർ 6 | എസ്.ആർ.ജി. സബ്ജക്ട് കൗൺസിൽ മീറ്റിംഗ് | പഠനപുരോഗതി വിലയിരു ത്തൽ |
| നവംബർ 7 | സി.വി. രാമൻദിനം | ക്വിസ് മത്സരം പ്രത്യേക അസംബ്ലിയിൽ സി.വി. രാമൻ അനുസ്മരണ പ്രഭാഷണം |
| നവംബർ 11 | ക്ലാസ് പി.റ്റി.എ. യോഗം | 8,9,10 ക്ലാസ് പഠനപുരോഗതി വിലയിരുത്തൽ |
| നവംബർ 14 | ശിശുദിനം | ദിനാചരണ റാലി, കലാപ്രകടനം, മത്സരങ്ങൾ |
| നവംബർ 19 | മാതൃദിനം | ബോധവത്ക്കരണ ക്ലാസ് |
| നവംബർ 28 | ദേശീയ ഉച്ചഭക്ഷണ ദിനം | അസംബ്ലിയിൽ പ്രഭാഷണം |

**ഡിസംബർ മാസം**

| തീയതി/മാസം | പ്രവർത്തന പ്രാധാന്യം | പ്രവർത്തനങ്ങൾ |
|---|---|---|
| ഡിസംബർ 1 | ലോക എയ്ഡ്സ് ദിനം | അസംബ്ലിയിൽ പ്രതിജ്ഞ ബോധവത്ക്കരണ ക്ലാസ് |
| ഡിസംബർ 4 | എസ്.ആർ.ജി. മീറ്റിംഗ് | പഠന പുരോഗതി വിലയിരുത്തൽ |
| ഡിസംബർ 5 | ക്ലാസ് പി.റ്റി.എ. യോഗം | ക്ലാസ് പഠന പുരോഗതി വിലയിരരുത്തൽ |
| ഡിസംബർ 10 | മനുഷ്യാവകാശ ദിനം | ഉപന്യാസമത്സരം, ചിത്രപ്രദർശനം |
| ഡിസംബർ 18 | എസ്.ആർ.ജി. മീറ്റിംഗ് | ക്ലാസ് പത്തിന്റെ പഠനപുരോഗതി വിലയിരുത്തൽ |

**ജനുവരി മാസം**

| തീയതി/മാസം | പ്രവർത്തന പ്രാധാന്യം | പ്രവർത്തനങ്ങൾ |
|---|---|---|
| ജനുവരി 16 | കുമാരനാശാൻ ചരമദിനം | ആശാൻ കവിതകളുടെ ആസ്വാദന കുറിപ്പ് മത്സരം |
| ജനുവരി 19 | ക്ലാസ് പി.റ്റി.എ. യോഗം | ക്ലാസ് പത്തിന്റെ പഠനപുരോഗ തിയെ വിലയിരുത്തൽ |
| ജനുവരി 22 | എസ്.ആർ.ജി. മീറ്റിംഗ് | പഠനപുരോഗതി വിലയിരുത്തൽ |
| ജനുവരി 26 | റിപ്പബ്ലിക് ദിനം | പ്രത്യേക അസംബ്ലി |
| ജനുവരി 30 | രക്തസാക്ഷിദിനം | ഗാന്ധിജിയുടെ സ്വാതന്ത്ര്യ സമരം, സി.ഡി. പ്രദർശനം |

## ഫെബ്രുവരി മാസം

| തീയതി/മാസം | പ്രവർത്തന പ്രാധാന്യം | പ്രവർത്തനങ്ങൾ |
|---|---|---|
| ഫെബ്രുവരി 2 | സി.പി.റ്റി.എ. യോഗം | 8,9,10 ക്ലാസ് പഠന പുരോഗതി വിലയിരുത്തൽ |
| ഫെബ്രുവരി 11 | വി.ടി. ചരമദിനം | ക്വിസ് മത്സരം |
| ഫെബ്രുവരി 22 | ലോക സ്കൗട്ട് ദിനം | സന്നദ്ധസംഘടനകളുടെ പ്രാധാന്യം |
| ഫെബ്രുവരി 28 | ദേശീയ ശാസ്ത്രദിനം | ക്വിസ് മത്സരം, കൊളാഷ് നിർമ്മാണം |

## ചിത്രങ്ങൾ






**എസ്.എസ്.എൽ.സി. പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയ കുട്ടികളും അധ്യാപകരും**





സ്കൂൾതല ലിറ്റിൽകൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ
നടന്ന ട്രെയിനിംഗ് പ്രോഗ്രാം



ഒക്ടോബർ 2ന് ഗാന്ധിജയന്തിയോടനുബന്ധിച്ച്
നടന്ന സ്കൂൾതല പരിപാടി

## വൺഡേ വർക്ക്ഷോപ്പ് എൽ.ഇ.ഡി. മേക്കിംങ്



## സ്കൂളിലെ വിവിധ ദിനാചരണ പ്രവർത്തനങ്ങൾ



വായനാദിനത്തോടനുബന്ധിച്ച് സ്കൂളിൽ നടന്ന
പുസ്തകപ്രദർശനം






വിദ്യാരംഗം കലാ സാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ നടന്ന
അക്ഷര മ്യൂസിയം സന്ദർശനം